കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വണ്ടാഴി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ രസീത് സഹിതം)

നം.കെ.എസ്.എ-പി.കെ.ഡി10/339/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

e-mail:dopkd.ksad@kerala.gov.in

ഫോൺ- 0491-2520145

തീയതി- 12.04.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വണ്ടാഴി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വണ്ടാഴി ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും, ഭാഗം 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പി.കെ.ഡി/339/2019 തീയതി- 12.04.2019

## പാലക്കാട് ജില്ലയിലെ വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

പാലക്കാട് ജില്ലയിലെ വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 18.07.2017 മുതൽ 12.02.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. മേരി ഹണി ജോസഫ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.02.2019 മുതൽ 20.02.2019 വരെ |

(ബി) ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീ. സുമേഷ്. എൻ | ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീ. ഹരിഗോബിന്ദ്.കെ.സി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീമതി. സരിത.പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 4 | ശ്രീമതി.രാജേശ്വരി.സി | ഓഡിറ്റർ |
| 5 | ശ്രീ.ഗോകുൽ.സി.എം | ഓഡിറ്റർ |

(സി) നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡണ്ട് | |
| ശ്രീമതി സുമാവലി മോഹൻദാസ് | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | |
| ശ്രീ. കെ.രാധാകൃഷ്ണൻ | 01.04.2017 മുതൽ 31.03.2018 വരെ |

(ബി) മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.എം.എസ്.സിനീഷ് | 1-4-2017 മുതൽ 31-3-2018വരെ |
| വി.ഇ.ഒ - 2 | ശ്രീമതി.അംബികാവതി.ആർ | 1-4-17മുതൽ 31-3-2018 വരെ |
| വി.ഇ.ഒ - 1 | ശ്രീമതി.രഞ്ജിനി.എം | 1.04.17 മുതൽ 21.12.17 വരെ |
| | ശ്രീ. അൻഷാദ് | 22.12.17 മുതൽ 8.02.18 വരെ |
| | ശ്രീമതി അംബികാവതി (അഡീഷണൽ ചാർജ്ജ്) | 9.02.18 മുതൽ 21.02.18 വരെ) |
| | ശ്രീ.ഗിരിധരൻ | 22.02.18 മുതൽ 31.03.18 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമിത.ജയലക്ഷ്മി.ആർ | 1-4-2017മുതൽ 31-3-2018വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി.ഭാനുമതി (എംപ്ലോയ്മെന്റ് ഹാന്റ്) | 1-4-2017 മുതൽ 15.06.17 വരെ |
| | ഷബീന.ഐ | 16.06.17 മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ.ഉല്ലാസ് തോമസ് | 1-4-2017 മുതൽ 31-3-2018 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.എ.കെ.മഹേഷ് | 1-4-2017 മുതൽ 31-3-2018 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ.പ്രതിഭ | 1-4-2017മുതൽ 31.05.17 വരെ |
| | ഡോ.അരുണകരോലിൻ | 1.6.17 മുതൽ 31.03.18 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.ശ്രീജിഷ | 1-4-2017 മുതൽ 06.04.17 വരെ |
| | ഡോ.സജിത് കുമാർ | 7.04.17 മുതൽ 14.06.17 വരെ |
| | ഡോ.കിഷോർമാത്യു | 15.06.17 മുതൽ 31.03.18 വരെ |

| | | |
|---|---|---|
| എച്ച്.എം | ശ്രീമതി.ലോഹിതാക്ഷി.പി.എം | 1-4-2017 മുതൽ<br>8-6-2017 വരെ |
| | ശ്രീമതി. ലിസ്സി വർഗ്ഗീസ് | 9-6-2017 മുതൽ<br>29-6-2017 വരെ |
| | ശ്രീമതി.ശ്രീലത.ടി.പി | 30-6-2017 മുതൽ<br>31-3-2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ജയപ്രകാശ്.സി.സി | 1-4-2017 മുതൽ<br>31-3-2018 |
| അസി.സെക്രട്ടറി | ശ്രീ.കെ.നാരായണൻ<br>അസി. സെക്രട്ടറി | 1-4-2017 മുതൽ<br>3-1-2018 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

28.03.2017 ലെ തീരുമാനം നം 1 പ്രകാരം താഴെ പറയുന്ന വരവ് ചെലവു കണക്കുകളോടെ ബജറ്റ് അംഗീകരിച്ചു.

| | |
|---|---|
| മുന്നിരിപ്പ് | 11101982 |
| വരവ് | 239976000 |
| ആകെ | 251077982 |
| ചെലവ് | 245988400 |
| നീക്കിയിരിപ്പ് | 5089582 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.18 | 08.06.18 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 29.06.2018 മുതൽ 30.06.2018 വരെ | നം.കെ.എസ്.എ-പികെഡി.21/ 1904(37)/2018 തിയതി:29-8-2018 |

ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 19623652 |
| വരവ് | 78522140 |
| ആകെ | 98145792 |
| ചെലവ് | 90827752 |
| നീക്കിയിരിപ്പ് | 7318040 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 17487000 | 17487000 | 17242818 | 244182 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 12348455 | 12348455 | 9874795 | 2473660 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 89963 | 89963 | 88706 | 1257 |
| മെയിന്റനൻസ്, റോഡ് | 0 | 9905000 | 9905000 | 9826708 | 78292 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 3835000 | 3835000 | 3831190 | 3810 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 8213676 | 8213676 | 7446053 | 767623 |

| | | | | | | |
|---|---|---|---|---|---|---|
| കെ.എൽ.എസ്. ജി.ഡി.പി | | 0 | 1718785 | 1718785 | 1718785 | 0 |
| എം.ജി. എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 14127821 | 14127821 | 14127821 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2030 | 978933 | 980963 | 976960 | 4003 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | ടി.എസ്.സി (ബാങ്ക് a/c) | 397317 | 675016 | 1072333 | 179870 | 892463 |
| | ഐ.സി. ഡി.എസ് | 489542 | 977998 | 1467540 | 1467540 | 0 (*) |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | വിമുക്തി | 400 | 12500 | 12900 | 400 | 12500 |
| | സായംപ്രഭ പദ്ധതി | 0 | 2,80,000 | 2,80,000 | 0 | 280000 |
| | എസ്.സി കോർപ്പസ് ഫണ്ട് | 0 | 51920 | 51920 | 51920 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 1746277 | 1766333 | 3512610 | 3409500 | (**) (-)62475 |
| | ജില്ലാ പഞ്ചായത്ത് | 663795 | 2245000 | 2908795 | 2845000 | |
| ബി ഫണ്ട് | | 0 | 1103360 | 1103360 | 1103360 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 10055992 | 13087837 | 23143829 | 15288146 | 7855683 |
| | ട്രഷറി അക്കൗണ്ട്, ജനറൽ പർപ്പസ് ഗ്രാന്റ് & മറ്റുള്ളവ | 6200607 | 12667580 | 18868187 | 20614378 | (-)1746191 (***) |

1) (*) ഐ.സി.ഡി.എസ് കേന്ദ്രവിഹിതം തുക മുഴുവനായും ചെലവുണ്ട്. എന്നാൽ ചെലവു തുക വാർഷികധനകാര്യപത്രികയിൽ ലയബിലിറ്റിഹെഡിൽ അഡ്ജസ്റ്റ് എൻട്രി വഴി കുറവായി കാണിക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ബാധ്യതയായി നിലനിൽക്കുന്നു.( ഐ.സി.ഡി.എസ് കേന്ദ്രവിഹിതത്തോടൊപ്പം സായംപ്രഭ പദ്ധതിക്കായി ലഭിച്ച സംസ്ഥാനസർക്കാർ വിഹിതം നീക്കിയിരിപ്പ് കൂടി ഉൾപ്പെട്ട തുകയാണ് ബാലൻസ് കാണിച്ചിരിക്കുന്നത്.)

2) (**) യഥാർത്ഥ സി.ബി-166905

സർക്കാരിലേക്ക് പിൻവലിച്ച തുക -229380

3) (***) R P 40 (b) പ്രകാരം സി.ബി - (-) 62475 ഗ്രാമപഞ്ചായത്തിന്റെ ട്രഷറി ടി.എസ്.ബി അക്കൗണ്ടിൽ ഐ.സി.ഡി.എസ് കേന്ദ്രവിഹിതം, സംസ്ഥാന സർക്കാർ സായംപ്രഭ പദ്ധതി വിഹിതം, വിമുക്തി പദ്ധതി വിഹിതം, എന്നീ വരവുകൾ ഉൾപ്പെടുന്നതിനാൽ ഇവയുടെ വരവ്

ചെലവ് തുകകകൾ ട്രഷറി അക്കൗണ്ടിൽ നിന്നും കുറവ് ചെയ്ത് യഥാർത്ഥ തുക മാത്രമാണ് ചേർത്തിരിക്കുന്നത്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 235 | 94943569 | 172 | 59884149 | 14 | 63 | 73 |

ഐ.കെ.എം.സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക്

| നിർവ്വഹണോദ്യോഗസ്ഥൻ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 50175772 | 36223155 | 72 |
| സെക്രട്ടറി | 7794615 | 3106647 | 40 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 5875000 | 3767986 | 64 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 1332300 | 75800 | 6 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 706500 | 481499 | 68 |
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 592489 | 552800 | 93 |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 400000 | 400000 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6768310 | 4907656 | 73 |
| പ്രധാന അധ്യാപിക | 1067333 | 999900 | 93 |
| കൃഷി ഓഫീസർ | 10083000 | 5207444 | 52 |
| വെറ്ററിനറി സർജൻ | 3138000 | 258000 | 8 |
| അസിസ്റ്റന്റ് സെക്രട്ടറി | 7010250 | 3903262 | 56 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 14127821 | 14127821 | 14127821 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 2030 | 978933 | 980963 | 976960 | 4003 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 69360 | 125 |
| കർഷകതൊഴിലാളി പെൻഷൻ | 7951500 | 673 |
| വിധവാ പെൻഷൻ | 16290300 | 1357 |
| വാർദ്ധക്യകാല പെൻഷൻ | 4158200 | 2180 |
| വികലാംഗ പെൻഷൻ | 28246800 | 349 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 570000 | 19 |
| അവിവാഹിത പെൻഷൻ | 701100 | 68 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.02.2019 3 pm ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 17098 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ കാര്യങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. ഇന്റേർണൽ ഓഡിറ്റിന്റെ ഭാഗമായി പെർഫോമൻസ് ഓഡിറ്റ് വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

അക്കൗണ്ടിങ്ങ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്. തനത് ഫണ്ട് സൂക്ഷിക്കുന്ന ട്രഷറി ടി.എസ്.ബി അക്കൗണ്ടിൽ കേന്ദ്രവിഹിതം

ഐ.സി.ഡി.എസ്, മറ്റ് മിസലേനിയസ് വരവുകളും ഉണ്ട്. എന്നാൽ ഈ അക്കൗണ്ടിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഓരോ ഇനവും വേർതിരിച്ചെടുക്കുന്നതിന് കഴിഞ്ഞിട്ടില്ല. ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിന് ശ്രമിച്ചിട്ടില്ല.
രശീതി, ചെക്ക് എന്നിവ ക്യാൻസൽ ചെയ്യുമ്പോൾ ഉന്നത അധികാരികൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ മാന്വലായ രശീതികൾ സ്ഥാപനത്തിൽ ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഉപയോഗിക്കാത്തവ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ മുഴുവൻ അക്കൗണ്ടുകളും സാംഖ്യയിൽ ചേർത്തിട്ടുണ്ട്. അതിനാൽ എല്ലാ അക്കൗണ്ടുകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുണ്ട്.

ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഓരോരുത്തർക്കും login, password ലഭ്യമാക്കി സുരക്ഷിതത്വം ഉറപ്പാക്കിയിട്ടുണ്ട്. ഒരാളുടെ പാസ്സ് വേർഡ്, ലോഗിൻ എന്നിവ മറ്റുള്ളവർ ഉപയോഗിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തുക ബാങ്കിൽ അടവാക്കുന്നത് തുക കളക്റ്റ് ചെയ്യുന്ന ആൾ അല്ല. ഓരോ ദിവസത്തെയും വരവ് തുക ക്യാഷിന്റെ ചുമതലയുള്ള സെക്ഷൻ ക്ലാർക്കിനെ ഏൽപ്പിക്കുകയും തുകയുടെ കൃത്യത അക്കൗണ്ടന്റ്, ജൂനിയർ സൂപ്രണ്ട്, സെക്രട്ടറി എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്. തുക തൊട്ടടുത്ത ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം അക്കൗണ്ടന്റ്, ജൂനിയർ സൂപ്രണ്ട് എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

ആയിരം രൂപക്ക് മുകളിലുള്ള തുകകൾ ചെക്കായിട്ടാണ് നൽകുന്നത്. എല്ലാ പേമെന്റുകൾക്കും കൈപ്പറ്റ് രശീതി വാങ്ങുന്നുണ്ട്. പേമെന്റ് വൗച്ചർ സെക്ഷൻ ക്ലാർക്ക് തയ്യാറാക്കി അക്കൗണ്ടന്റ്, ജൂനിയർ സൂപ്രണ്ട് എന്നിവർ പരിശോധിച്ച ശേഷം സെക്രട്ടറി ചെക്കിൽ ഒപ്പ് വെക്കുന്നു. എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകളിൽ സെക്രട്ടറി, പ്രസിഡണ്ട് ഇവർ ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ബ്ലാങ്ക് ചെക്കുകൾ മുൻകൂർ ഒപ്പിട്ട് വെക്കുന്ന രീതി സ്ഥാപനത്തിൽ നിലവിലില്ല. ഇഷ്യൂ ചെയ്ത ചെക്കുകൾ റിയലൈസ് ചെയ്യുന്നത് ശ്രദ്ധിച്ച് മടങ്ങി വരുന്ന ചെക്കുകൾ ചെക്ക്/ഡി.ഡി. രജിസ്റ്ററിൽ ചേർത്ത് ക്യാൻസൽ ചെയ്യുന്നുണ്ട്.

ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുകകളുടെ കാലതാമത്തിന് നിയമപ്രകാരം ഫൈൻ/പിഴപ്പലിശ ഈടാക്കുന്നുണ്ട്. എല്ലാ കളക്ഷനുകളും കാഷ് ബുക്ക്, ലെഡ്ജർ എന്നിവയിൽ ഒരേസമയം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ട്. എന്നാൽ വസ്തുനികുതി മാത്രമാണ് ഡി.സി.ബി. രജിസ്റ്റർ സാംഖ്യയുമായി ബന്ധിപ്പിച്ചിരിക്കുന്നത്. മറ്റു നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം മാന്വലായി തയ്യാറാക്കുകയാണ് ചെയ്യുന്നത്.

വസ്തു നികുതി ഈടാക്കിയതിലെ അപാകതകൾ സംബന്ധിച്ച് ഭാഗം 2ൽ പരാമർശിച്ചിട്ടുണ്ട്. നികുതികൾ യഥാസമയം പിരിച്ചെടുക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്. വെള്ളക്കരം, വസ്തുനികുതി കുടിശ്ശിക തുകകൾ കാമ്പ് കലക്ഷനും ഫീൽഡ് കളക്ഷനും നടത്തി പിരിഞ്ഞ് കിട്ടാനുള്ള തുകകൾ കൃത്യമായി പിരിച്ചടുക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും

ചട്ടങ്ങളും പാലിക്കപ്പെടുന്നുണ്ട്. ഓഡിറ്റിൽ കണ്ട അപാകതകൾ പ്രത്യേകം പരാമർശമായി ചേർത്തിട്ടുണ്ട്. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരത്തോടെയാണ് പർച്ചേസുകൾ നടത്തുന്നത്. പർച്ചേസ് ഓർഡർ, വർക്ക് ഓർഡർ, കരാറുകൾ എന്നിവ കൃത്യമായി ചമക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്കിലെടുക്കുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. പേമെന്റ് നടത്തുന്നതിനു മുൻപ് ഒറിജിനൽ ഇൻവോയ്സ്/ബില്ലിൽ സ്റ്റോക്ക് എൻട്രി വിവരം ചേർത്തിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കുന്നുണ്ട്. എന്നാൽ ആസ്തികളുടെ മൂല്യം സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റൽ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ ഭദ്രമായി സൂക്ഷിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. പക്ഷെ സ്റ്റോക്ക്&സ്റ്റോർസ്, മറ്റ് വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല.

സർവ്വീസ് ബുക്കുകളും, ലീവ് റെക്കോർഡുകളും അറ്റൻഡൻസ് രജിസ്റ്ററും ശരിയായി സൂക്ഷിക്കുന്നുണ്ട്. ടാക്സുകൾ, പി.എഫ്., മറ്റ് നിയമപരമായ റിക്കവറികൾ തുടങ്ങി ജീവനക്കാരിൽ നിന്നും ഈടാക്കുന്നവ കൃത്യമായി അടവാക്കുന്നുണ്ട്.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല. മുഴുവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി വിവരങ്ങൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തികളുടെ മൂല്യശോഷണം കണക്കാക്കുന്നതിനുള്ള സംവിധാനവും ഇല്ല. എന്നാൽ ആസ്തികൾ കൃത്യമായി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനാവശ്യവും കാലഹരണപ്പെട്ടതുമായ ആസ്തികൾ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അതേസമയം നാശോന്മുഖമാകുന്നതിനു മുൻപ് വില്പന നടത്താൻ ശ്രദ്ധിക്കുന്നുണ്ട്.
ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഐ.എസ്.ഒ സർട്ടിഫിക്കേഷൻ സ്വീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.01.2019 | 01.12.2018 മുതൽ 31.12.18 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.01.17 മുതൽ 07.02.2017 വരെ | 2011-12 മുതൽ 2015-16 വരെ | 7.04.17 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകൾ പരിഹരിക്കുവാൻ അവശേഷിക്കുന്നു. പ്രസ്തുത സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, വാർഷികധനകാര്യ പത്രികയുമായി

ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ താഴെ പറയുന്നു.

1. വാർഷിക ധനകാര്യ പത്രികയിൽ ശരിയായ വരവ് ചെലവ് കണക്കുകൾ പ്രതിഫലിക്കുന്നില്ല.

(i) ഗ്രാമപഞ്ചായത്തിന് ലഭ്യമായ ബ്ലോക്ക് വിഹിതവും ജില്ലാ പഞ്ചായത്ത് വിഹിതവും യഥാർത്ഥത്തിൽ മുഴുവൻ തുകയും ചെലവ് വരുന്നില്ല. എന്നാൽ ടി തുക ഇൻകം &എക്സ്പെൻഡിച്ചർ പത്രികയിൽ ചെലവായി കാണിച്ചിരിക്കുന്നതിനാൽ യഥാർത്ഥ ബാലൻസ് തുക വാർഷിക ധനകാര്യ പത്രികയിൽ കാണിക്കുന്നില്ല.

(ii) ലഭ്യമായ കേന്ദ്രവിഹിതം തുകയിൽ യഥാർത്ഥത്തിൽ ചെലവുണ്ടെങ്കിലും ലയബിലിറ്റി അക്കൗണ്ടിൽ ഈ തുക കുറവ് ചെയ്യിട്ടില്ലാത്തതിനാൽ ലഭ്യമായ ഫണ്ട് മുഴുവനും ബാലൻസ് ഷീറ്റിൽ ബാക്കിയായി കാണുന്നു.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീതി പിരിവ്, ഒടുക്ക്

എ. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 20(1 സി) പ്രകാരം കയ്യെഴുത്ത് സമ്പ്രദായത്തിൽ നൽകുന്ന രസീതുകളുടെ അസ്സൽ ഓഫീസിൽ സൂക്ഷിക്കേണ്ടതും ഡ്യൂപ്ലിക്കേറ്റ് പണം നൽകിയ ആൾക്ക് നൽകേണ്ടതുമാണ്. എന്നാൽ അസി. എഞ്ചിനീയർ എൽ.എസ്.ജി.ഡി സെക്ഷനിൽ ഉപയോഗിച്ച 19525 നമ്പർ രസീതി പുസ്തകത്തിലെ 1 മുതൽ 46 വരെയുള്ള രസീതുകളുടെ അസ്സൽ പണം നൽകിയ വ്യക്തികൾക്ക് നൽകുകയും പകർപ്പ് കൈവശം സൂക്ഷിച്ചിരിക്കുകയുമാണ്.
ബി. അസി. എഞ്ചിനീയർ എൽ.എസ്.ജി.ഡി സെക്ഷനിൽ ഉപയോഗിച്ച 44894 നമ്പർ രസീതി പുസ്തകം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

മേൽവിഷയങ്ങളിൽ വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/19-02-2019) മറുപടി നൽകിയിട്ടില്ല. ഭാവിയിൽ മേലെ സൂചിപ്പിച്ച അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി

2017 – 18 സാമ്പത്തിക വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് തൊഴിൽ നികുതി രജിസ്റ്റർ, അർദ്ധ വാർഷിക വരുമാന പത്രികകൾ എന്നിവയുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ.

(എ) അർദ്ധ വാർഷിക വരുമാനമനുസരിച്ചുള്ള നികുതി ചുമത്തിയില്ല

| ക്രമ നം. | പേര് / തസ്തിക | സ്ഥാപനം | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | അർദ്ധ വർഷം |
|---|---|---|---|---|---|---|
| 1 | വത്സല.വി/ പി.ടി.എസ് | വെറ്ററിനറി ഡിസ്പെൻസറി | 84,350 | 750 | 600 | 1 |

| | | | | | | |
|---|---|---|---|---|---|---|
| 2 | ബിസ്ഥു.എ/ എച്ച്.കെ.പി | കാനറാ ബാങ്ക് | 1,38,984 | 1250 | 750 | 1 |
| 3 | അനു.ജി/ യു.പി.എസ്.എ | എൻ.എസ്.എസ്. സ്കൂൾ | 61,250 | 600 | 450 | 1 |
| 4 | നിർമ്മല/ പ്യൂൺ | സെന്റ് മേരീസ് പബ്ലിക് സ്കൂൾ | 30,000 | 300 | 180 | 1 &2 |
| 5 | സുമതി പ്യൂൺ | സെന്റ് മേരീസ് പബ്ലിക് സ്കൂൾ | 30,000 | 300 | 180 | 1 & 2 |
| 6 | ഷാലി പ്യൂൺ | സെന്റ് മേരീസ് പബ്ലിക് സ്കൂൾ | 30,000 | 300 | 180 | 1 & 2 |
| 7 | മേരിമാത്യൂ/ പ്യൂൺ | സെന്റ് മേരീസ് പബ്ലിക് സ്കൂൾ | 30,000 | 300 | 180 | 1 & 2 |
| 8 | അംബിക പ്യൂൺ | സെന്റ് മേരീസ് പബ്ലിക് സ്കൂൾ | 30,000 | 300 | 180 | 1 & 2 |
| 9 | ജാൻസി ഷാജി/ ടി.ജി.ടി.എസ് | സെന്റ് സേവ്യേഴ്സ് പബ്ലിക് സ്കൂൾ | 1,06,002 | 1000 | 750 | 1 & 2 |
| 10 | ഷിജി ആന്റണി | മുത്തൂറ്റ് ഫിനാൻസ് | 48,000 | 450 | 300 | 1 |
| 11 | സുരേന്ദ്രൻ/ പി.ടി.എസ് | വണ്ടാഴി ഗ്രാമപഞ്ചായത്ത് | 75,812 | 750 | 600 | 1 |

വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ബി) എൽ.എസ്.ജി.ഡി. സെക്ഷനിലെ എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതു പ്രകാരം 2017-18 വർഷത്തിൽ പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ട് മരാമത്ത് പ്രവർത്തികൾ ചെയ്തിട്ടുള്ള 17 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(സി) പി.ജെ.ഗ്രാനൈറ്റ്സ് എന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും ഒരു മാസത്തെ വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് രണ്ട് അർദ്ധവർഷങ്ങളിലും നികുതി പിരിച്ചിട്ടുള്ളത്. 2017 – 18 വർഷത്തിൽ 14,300 രൂപ പിരിക്കേണ്ടതിനു പകരം 2520 രൂപ മാത്രമാണ് പിരിച്ചെടുത്തിട്ടുള്ളത്. ഇവരിൽ നിന്നും കുറവ് വന്ന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഡി) ഗ്രാമപഞ്ചായത്തു പരിധിയിലുള്ള റേഷൻ കട വ്യാപാരികൾ, ബിൽഡിംഗ് സൂപ്പർവൈസർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഇ) താഴെ പറയുന്ന വ്യക്തികളിൽ നിന്നും 2017 – 18 വർഷത്തിൽ രണ്ടാം അർദ്ധ വർഷത്തിലെ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | പേര് | സ്ഥാപനം | ഈടാക്കേണ്ട നികുതി |
|---|---|---|---|
| 1 | പ്രമോദ്.പി.കെ | വെൽഡിങ് വർക്ക്ഷോപ്പ് | 450 |
| 2 | ആസീന.വി.എ | ഷിഫ ലാബ് | 450 |
| 3 | പ്രദീപ്.കെ.പി | ട്രസ്റ്റ് ബിൽഡിങ് കൺസൾട്ടന്റ് | 450 |
| 4 | എൽദോസ് എബ്രഹാം | ഫാൻസി | 450 |

വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.25/20-02-2019) മറുപടിയായി തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 ഡി & ഒ ലൈസൻസ്

2017 – 18 സാമ്പത്തിക വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് ഡി & ഒ ലൈസൻസ് പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ.

(എ) വ്യാപാര സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് അപേക്ഷയിൽ കാണിക്കുന്ന വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഉടമയിൽ നിന്നു മാത്രമാണ് നികുതി ചുമത്തുന്നത്. ഇക്കാരണത്താൽ ഓരോ സ്ഥാപനത്തിലും എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്നോ അവരിൽ നിന്നെല്ലാം നികുതി ഈടാക്കുന്നുണ്ടെന്നോ അറിയാൻ സാധിക്കുന്നില്ല. വിഷയം പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ബി) 31.10.2017 തിയതിയിലെ ജി.ഒ(പി) നം.80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ നം. 674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996 ലെ കേരള പഞ്ചായത്ത് രാജ്

(അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭേദഗതി ചട്ടം അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നീ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് പരമാവധി ഫീസ് ഈടാക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഡി ആന്റ് ഓ ലൈസൻസ് അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ, മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചപ്പോൾ പഞ്ചായത്ത് പ്രദേശത്തെ വിവിധ വ്യാപാര വ്യവസായ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി ഉത്തരവ് പ്രകാരം ഫീസ് പിരിച്ചിട്ടില്ല. 2018-19 ൽ മുൻകൂർ ആയി ലൈസൻസ് അനുവദിക്കുന്ന സമയത്തും പഴയ നിരക്കിലുള്ള തുകയാണ് അടവാക്കിയിട്ടുള്ളത്. പുതിയ നിരക്കിലുള്ള ലൈസൻസ് ഫീ ഈടാക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

(സി) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാരസ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും വിവരങ്ങളടങ്ങിയ പട്ടികയായി വാർഡ് തിരിച്ച ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും നികുതി പത്രിക സമർപ്പിക്കുന്ന സ്ഥാപനങ്ങളുടെ പേരു മാത്രം രജിസ്റ്ററിൽ രേഖപ്പെടുത്തി നികുതി ഈടാക്കുന്ന രീതിയാണ് ഗ്രാമപഞ്ചായത്ത് പിന്തുടർന്ന് വരുന്നത്. പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള നികുതി ചുമത്താവുന്ന മുഴുവൻ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങളടങ്ങിയ സ്ഥാപന രജിസ്റ്റർ എഴുതി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചാൽ മാത്രമേ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വാണിജ്യ സ്ഥാപനങ്ങളും/ഇതര സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽനികുതിയും ഒടുക്കു വരുത്തുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ സാധിക്കുകയുള്ളൂ.

(ഡി) വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതിനെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വസ്തു നികുതി നിർണ്ണയിക്കുന്നതിനുള്ള സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം വാണിജ്യ-വ്യാവസായിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 1677 കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുണ്ട്. 2017-18 വർഷത്തെ ഡി&ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പ്രകാരം 518 സ്ഥാപനങ്ങൾക്ക് മാത്രമാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. 70% സ്ഥാപനങ്ങളും ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി വിലയിരുത്തുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| വാണിജ്യ ആവശ്യത്തിനുള്ള ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ഗോഡൗണുകൾ, സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്ററുകൾ, ഫ്യൂവൽ സ്റ്റേഷനുകൾ | 1399 |
| വ്യവസായശാലകൾ | 274 |
| ഓഡിറ്റോറിയം, അസംബ്ലി ബിൽഡിംഗ് | 4 |
| ആകെ | 1677 |

(ഇ) ലൈസൻസ് ഇല്ലാതെ റേഷൻ കടകൾ പ്രവർത്തിക്കുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ റേഷൻ കടകളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകളൊന്നും തന്നെ ലൈസൻസ് എടുത്തിട്ടുള്ളതായി ഡി & ഒ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞില്ല. ഇവരിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-4 <u>വസ്തുനികുതി പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

*ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി നിർണ്ണയ രേഖകൾ, സഞ്ചയ സോഫ്റ്റ്‌വെയറിലെ രേഖപ്പെടുത്തലുകൾ, ന്യൂ ബില്‍ഡിംഗ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.*

*സഞ്ചയ റിപ്പോർട്ട് പ്രകാരം 19 വാർഡുകളിലായി ആകെ <u>12049</u> കെട്ടിടങ്ങളുടെ വസ്തുനികുതി നിർണയിച്ചിട്ടുണ്ട്. അവയിൽ <u>10999</u> കെട്ടിടങ്ങളുടെ ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ട്. അവശേഷിക്കുന്ന <u>1050</u> കെട്ടിടങ്ങളുടെ ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടി ഉടൻ പൂർത്തീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.*

<u>എ) വസ്തുനികുതി കുടിശ്ശിക ഈടാക്കൽ കാര്യക്ഷമമാക്കേണ്ടതാണ്</u>

വാർഷിക ധനകാര്യ പത്രിക പ്രകാരം 2017-18 വർഷത്തെ കുടിശ്ശികയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| 2017-18 വസ്തുനികുതി | | | | |
|---|---|---|---|---|
| ഡിമാന്റ് | വരവ് | | കുടിശ്ശിക | |
| | തൻവർഷം | മുൻവർഷങ്ങളിലെ കുടിശ്ശിക വരവ് | തൻവർഷം | മുൻവർഷം |
| 2293279 | 1860024 | 980562 | 260077 | 412318 |

*വസ്തുനികുതി കുടിശ്ശിക 672395 രൂപയുണ്ട്. ആയത് ഈടാക്കുന്നതിനായി കാര്യക്ഷമമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.*

<u>ബി) അനുവദനീയമല്ലാത്ത ഇളവ് നൽകി കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചു</u>

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 'ഓഫീസ് ആവശ്യം' എന്ന ഉപയോഗ ഗണത്തിലുൾപ്പെട്ട കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് 150 ശതമാനമായി പരിമിതപ്പെടുത്തിയിരിക്കുന്നതിനാൽ

നികുതി നിർണ്ണയത്തിൽ കുറവുണ്ടായിട്ടുണ്ട്. ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഒരു ച.മീന് 40 രൂപയാണ് വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കിയ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന്റെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം. | വാർഡ് / കെട്ടിട നം | കെട്ടിട ഉടമയുടെ പേര് | തറ വിസ്തീർണ്ണം (ച. മീറ്ററിൽ) | പഴയ നികുതി | പുനർനിർണ്ണയിച്ച നികുതി (സഞ്ചയ പ്രകാരം) | വർദ്ധനവ് 150% പരിമിതപ്പെടുത്തിയ തുക | കുറവ് |
|---|---|---|---|---|---|---|---|
| 1 | 8/147 | സെക്രട്ടറി, വടക്കഞ്ചേരി കോ ഓപ്പറേറ്റീവ് സൊസൈറ്റി, വണ്ടാഴി ബ്രാഞ്ച് | 151 | 163 | 7248 | 408 | 6840 |
| 2 | 12/88 | എ.ഇ ക്വാർട്ടേഴ്സ്, മംഗലം ഡാം | 24 | 20 | 864 | 50 | 814 |
| 3 | 12/184 | സി.എം. എബ്രഹാം | 160 | 1296 | 6400 | 3240 | 3160 |
| 4 | 12/86 | എ.ഇ ക്വാർട്ടേഴ്സ്, മംഗലം ഡാം | 36 | 20 | 1296 | 50 | 1246 |
| 5 | 12/87 | എ.ഇ ക്വാർട്ടേഴ്സ്, മംഗലം ഡാം | 6 | 11 | 192 | 28 | 164 |
| 6 | 18/451 | പ്രസിഡണ്ട്, എൻ.എസ്.എസ് കരയോഗം | 150 | 11 | 5400 | 28 | 5372 |
| 7 | 12/423 | വർഗീസ്. കെ.വി | 92 | 39 | 4048 | 98 | 3950 |
| 8 | 12/410 | തഹസിൽദാർ, വില്ലേജ് ഓഫീസ് മംഗലം ഡാം | 32 | 228 | 1280 | 570 | 710 |

| | | | | | | | |
|---|---|---|---|---|---|---|---|
| 9 | 12/296 | റോബിൻ ജോസ് | 16 | 163 | 768 | 408 | 360 |
| 10 | 12/295 | റോബിൻ ജോസ് | 16 | 163 | 768 | 408 | 360 |
| 11 | 12/292 | റോബിൻ ജോസ് | 83 | 325 | 3984 | 813 | 3171 |
| ആകെ കുറവ് | | | | | | | 26147 |

27.04.2015 ലെ സ.ഉ (എം.എസ്) നം.144/15/തസ്വഭവ പ്രകാരം പുറപ്പെടുവിച്ച വസ്തുനികുതി പരിഷ്കരണത്തിന്മേലുള്ള ഭേദഗതി ഉത്തരവിലെ ക്രമ നം.3 പ്രകാരം വാണിജ്യ, വ്യവസായ വിഭാഗങ്ങളിലുൾപ്പെട്ട നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് 100 ശതമാനത്തിൽ പരിമിതപ്പെടുത്താവുന്നതാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങൾ വാണിജ്യ, വ്യവസായ ഗണത്തിലുൾപ്പെടുന്നില്ല. ചട്ടം 9(5) പ്രകാരം ബഹുനില കെട്ടിടങ്ങൾക്ക് അനുവദനീയമായ ഇളവ് സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയാണ് മേൽ പട്ടികയിൽ കാണിച്ചിരിക്കുന്ന കെട്ടിടങ്ങൾക്ക് 150 ശതമാനത്തിൽ പരിമിതപ്പെടുത്തി ഇളവ് നൽകിയിരിക്കുന്നത്. എന്നാൽ മേൽപട്ടികയിലെ കെട്ടിടങ്ങളെല്ലാം തന്നെ ഒറ്റനില കെട്ടിടങ്ങളാണ്.

വാണിജ്യ, വ്യവസായത്തിനുള്ള ഉപയോഗക്രമം, ബഹുനില കെട്ടിടങ്ങൾ എന്നിവയ്ക്ക് നൽകാവുന്ന ഇളവുകൾക്ക് മേൽ സൂചിപ്പിച്ച കെട്ടിടങ്ങൾക്ക് അർഹതയില്ല. വസ്തുനികുതി ചട്ടം, സർക്കാർ ഉത്തരവ് എന്നിവയ്ക്ക് വിരുദ്ധമായി അനർഹമായ ഇളവുകൾ നൽകി വസ്തുനികുതി പുനർനിർണ്ണയിച്ചതിലൂടെ ഒരോ വർഷവും 26147 രൂപ വീതം ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നുണ്ട്. ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തിയാവാനിരിക്കെ മേൽ അപാകതകൾ പരിശോധനാവിധേയമാക്കി എത്രയും പെട്ടെന്ന് ക്രമീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.17, തിയ്യതി-19-2-2019)

<u>സി) തറ വിസ്തീർണത്തിന്റെ പരിധിയ്ക്ക് ആനുപാതകമായി നികുതി നിർണയിക്കാത്തതിനാൽ വസ്തുനികുതി നഷ്ടം</u>

100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണമുള്ള വാണിജ്യ കെട്ടിടങ്ങളെ വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറവിസ്തീർണമുള്ള കെട്ടിടങ്ങളുടെ ഗണത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ ഷോപ്പുകൾ മുതലായവയ്ക്ക് ച.മീറ്ററിന് 40 രൂപയും, 100 ച.മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ ഷോപ്പുകൾ മുതലായവയ്ക്ക് ച.മീറ്ററിന് 60രൂപയും ആണ് പഞ്ചായത്തിൽ നികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. ആയതിനാൽ വസ്തുനികുതിയിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഓഡിറ്റിൽ പരിശോധിച്ചതും അപ്രകാരം വസ്തുനികുതി നിർണയിച്ചതിനാൽ നഷ്ടം ഉണ്ടായിട്ടുള്ളതുമായ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | ഉടമസ്ഥൻ | തറ വിസ്തീർണം | ഉപയോഗതരം തെറ്റായി രേഖപ്പെടുത്തി നിർണയിച്ച വസ്തുനികുതി | യഥാർത്ഥത്തിൽ ഈടാക്കേണ്ട വസ്തുനികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | 12/860 | കെ.ജെ. ജോർജ്ജ് കുട്ടി | 124 | അടിസ്ഥാന വസ്തുനികുതി- 124*40=4960<br>വർദ്ധനവ് - 20% (വഴിസൗകര്യം) =992<br>വസ്തുനികുതി - 5952 | അടിസ്ഥാന വസ്തുനികുതി- 124*60=7440<br>വർദ്ധനവ് - 20% (വഴിസൗകര്യം) =1488<br>വസ്തുനികുതി - 8928 | 2976 |
| 2 | 15/549 | എൻ.എൻ. മീരാ സാഹിബ് | 105 | അടിസ്ഥാന വസ്തുനികുതി- 105*40=4200<br>ഇളവ് – 20% (മേഖല10%+ മേൽക്കൂര10%) =840<br>വർദ്ധനവ് – 20% (വഴിസൗകര്യം) =840<br>വസ്തുനികുതി - 4200 | അടിസ്ഥാന വസ്തുനികുതി- 105*60=6300<br>ഇളവ് – 20% (മേഖല10%+ മേൽക്കൂര10%) =1260<br>വർദ്ധനവ് – 20% (വഴിസൗകര്യം) =1260<br>വസ്തുനികുതി -6300 | 2100 |
| 3 | 18/599 | വിജയ കുമാരൻ | 114 | അടിസ്ഥാന വസ്തുനികുതി- 114*40=4560<br>ഇളവ് - 10% (മേൽക്കൂര) = 456<br>വർദ്ധനവ് - 20% (വഴിസൗര്യം) =912<br>വസ്തുനികുതി - 5016 | അടിസ്ഥാന വസ്തുനികുതി- 114*60=6840<br>ഇളവ് - 10% (മേൽക്കൂര) =684<br>വർദ്ധനവ് – 20% (വഴിസൗര്യം) =1368<br>വസ്തുനികുതി - 7524 | 2508 |

ഇത്തരത്തിൽ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തലുകൾ ഉള്ള മറ്റുകെട്ടിടങ്ങൾ ഉണ്ടെങ്കിലും, പഴയനികുതി വളരെ കുറവായതിനാലും ചട്ടപ്രകാരം പുനർനിണയിക്കുമ്പോൾ വർദ്ധനവ് 100 ശതമാനത്തിൽ പരിമിതപ്പെടുത്തിയിട്ടുള്ളതിനാലും വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവു വന്നിട്ടില്ല.

ഉദാ:- 7/212 (185 ച.മീ), 8/73 (276 ച.മീ), 19/257 (108 ച.മീ), 19/442 (123ച.മീ), 15/121 (104 ച.മീ). എന്നിരുന്നാലും മേൽ കെട്ടിടങ്ങളെ തറ വിസ്തീർണത്തിന് ആനുപാതകമായി ഉപയോഗക്രമം രേഖപ്പെടുത്തി അപാകത പരിഹരിക്കേണ്ടതാണ്.

ഡാറ്റാ പ്യൂരിഫിക്കേഷൻ സമയത്ത് അപാകതകൾ പരിഹരിക്കുന്നതാണ് എന്നാണ് ഓഡിറ്റ് അന്വേഷണം നം.17, തിയ്യതി-19-2-2019 ന്റെ മറുപടിയിൽ അറിയിച്ചിട്ടുള്ളത്. തുടർ നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

<u>ഡി) നികുതി ഒഴിവാക്കിയത് പുനഃപരിശോധിക്കേണ്ടതാണ്</u>

സഞ്ചയ അസസ്സ്മെന്റ് രജിസ്റ്റർ, ഫോറം 6 ലെ നികുതി നിർണയ വിവരങ്ങൾ എന്നിവ പരിശോധിച്ചപ്പോൾ ഒരേ ഉടമസ്ഥന്റെ പേരിലുള്ള താഴെ പറയുന്ന കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വാർഡ്/ കെട്ടിട നം. | ഉടമ | ആകെ തറ വിസ്തീർണം (ച.മീ) |
|---|---|---|
| *13/260* | ഇബ്രഹാം സാഹിബ് | 48 |
| *13/261* | ഇബ്രഹാം സാഹിബ് | 48 |
| *13/262* | ഇബ്രഹാം സാഹിബ് | 86 |

അസസ്മെന്റ് രജിസ്റ്ററിൽ നികുതി, ഉപനികുതി ഒഴിവാക്കിയ കെട്ടിടങ്ങൾ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ എന്ത് അടിസ്ഥാനത്തിലാണ് നികുതി ഒഴിവാക്കിയിട്ടുള്ളത് എന്നതിന് രേഖപ്പെടുത്തലുകൾ ഇല്ല. വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണം നം.17/19-2-2019 ന്റെ മറുപടിയിൽ, മേൽ കെട്ടിടങ്ങളുടെ എ.ആർ.വി പ്രകാരമുള്ള വസ്തുനികുതി പൂജ്യം ആയതിനാലാണ് അവയുടെ വസ്തുനികുതി ഒഴിവാക്കിയിട്ടുള്ളത് എന്നാണ് അറിയിച്ചിട്ടുള്ളത്. ഇത്തരത്തിൽ ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിലെ അസസ്മെന്റ് രജിസ്റ്ററിൽ 'Tax Exemption Type' കോളത്തിൽ കാരണം രേഖപ്പെടുത്തേണ്ടതും ഡാറ്റാ പ്യൂരിഫിക്കേഷൻ വേളയിൽ നികുതി ഒഴിവാക്കിയ കെട്ടിടങ്ങളുടെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തി ക്രമീകരിക്കേണ്ടതുമാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>ഇ) സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടില്ല</u>

ഗ്രാമപഞ്ചായത്തിന്റെ വരവ് വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനുള്ള ശ്രമം ഉണ്ടാവേണ്ടതാണ്. നിയമാനുസൃതമായി ഏർപ്പെടുത്താവുന്ന സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത ഗ്രാമപഞ്ചായത്ത് പരിശോധിക്കേണ്ടതാണ്. 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം,

ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.

4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശങ്ങൾ ഉണ്ടായിട്ടും ചട്ടപ്രകാരമുള്ള സേവന ഉപനനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നതാണെന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണം നം.17/19-2-2019 ന്റെ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-5 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന 18 മൊബൈൽ ടെലിഫോൺ ടവറുകളിൽ 7 മൊബൈൽ ടവറുകളുടെ വസ്തു നികുതിയിനത്തിൽ 142578 രൂപ കുടിശ്ശികയായി അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | വാർഡിന്റെ പേര് | ടവറിന്റെ ഉടമ | ഇൻസ്റ്റലേഷൻ നടത്തിയ വർഷം | ടവർ നമ്പർ | നിർണ്ണയിച്ച വസ്തു നികുതി | നികുതി കുടിശ്ശിക*+ ഏതു വർഷം മുതൽ |
|---|---|---|---|---|---|---|---|
| 1 | 9 | വണ്ടാഴി ടൗൺ | Dishnet Wireless | 2011-12 | 9/610 | 5670 | 29712 2011-12 മുതൽ |
| 2 | 11 | വണ്ടാഴി ടൗൺ | BSNL | 2013-14 | 11/39 | 4216 | 21080 2013-14 മുതൽ |
| 3 | 11 | ചിറ്റടി | Indus Tower | 2011-12 | 11/282 | 7560 | 38480 2011-12 മുതൽ |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | 12 | ചിറ്റടി ഒട്ടക്കുർ | Indus Tower | 2009-10 | 12/804 | 4332 | 666 2017-18 |
| 5 | 12 | മംഗലം ഡാം | ATC Tower | 2013-14 | 12/896 | 8279 | 253 2017-18 |
| 6 | 12 | മംഗലം ഡാം | Tata Tele service | 2008-09 | 12/353 | 9240 | 46612 2008-09 മുതൽ |
| 7 | 14 | മംഗലം ഡാം | Essar Comm unication | 2010-11 | 14/674 | 5775 | 5775 2017-18 |
| ആകെ കുടിശ്ശിക | | | | | | | 142578 |

കുടിശ്ശിക ഈടാക്കുന്നതിനും അനധികൃത മൊബൈൽ ടവറുകൾ കണ്ടെത്തുന്നതിനും വ്യക്തമായ നിർദ്ദേശങ്ങൾ പഞ്ചായത്ത് ഡയറക്ടറുടെ 25-10-2017 ലെ സർക്കുലർ നം.സി3-18009/17 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു പ്രകാരം ഗ്രാമപഞ്ചായത്ത് പരിശോധനാ നടപടികൾ സ്വീകരിക്കേണ്ടതും അനധികൃത മൊബൈൽ ടവറുകൾ കണ്ടെത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും അവയ്ക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കുടിശ്ശിക ഈടാക്കുന്നതിന് ബി.എസ്.എൻ.എൽ ഉൾപ്പെടെയുള്ള ഉടമകളുമായി ബന്ധപ്പെട്ട് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും അടയ്ക്കാത്ത പക്ഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിയ്ക്കുകയും ചെയ്യേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.8, തീയതി-16-2-2019)

## 2-6 വാടകക്കാരുമായി കരാർ ചമച്ചില്ല-സർക്കാരിന്റെ നഷ്ടം നികത്തേണ്ടതാണ്

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 15 കടമുറികൾ വാടകയ്ക്ക് നൽകി വരുന്നുണ്ട്. 2017-18 വർഷത്തിൽ കടമുറികൾ വാടകയ്ക്ക് നൽകിയപ്പോൾ മുഴുവൻ വാടകക്കാരുമായും കരാർ ചമച്ചിട്ടില്ല. 6 കടമുറികളുടെ വാടകക്കാരുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ മാത്രമാണ് ഓഡിറ്റിനു ഹാജരാക്കിയത്. 04-03-2017 ലെ പഞ്ചായത്ത് തീരുമാനം നം.8 പ്രകാരം നിലവിൽ ഉപയോഗിച്ചു വരുന്നവർക്ക് പുതുക്കി നൽകുകയാണ് ചെയ്തിട്ടുള്ളത് എന്നാണ് 19-2-2019 ലെ ഓഡിറ്റ് അന്വേഷണം നം.17 ന്റെ മറുപടിയിൽ അറിയിച്ചിട്ടുള്ളത്. നിലവിലുള്ള വാടകക്കാർക്ക് പുതുക്കി നൽകുകയാണെങ്കിലും 1959 ലെ കേരള സ്റ്റാമ്പ് ആക്ടിലെ പട്ടിക പ്രകാരം 200രൂപ മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ ചമയ്ക്കേണ്ടതാണ്. അവശേഷിക്കുന്ന 9 വാടകക്കാരുമായി കരാർ ചമച്ചിട്ടില്ലാത്തതിനാൽ 2017-18 വർഷത്തിൽ സർക്കാരിലേയ്ക്ക് ലഭ്യമാകുമായിരുന്ന 1800 രൂപ നഷ്ടം വന്നിട്ടുണ്ട്. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

## 2-7 പെർമിറ്റ് നടപടി ക്രമങ്ങൾ വിലയിരുത്തൽ

### 1. സമയബന്ധിതമായി പെർമിറ്റ് അനുവദിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 16 പ്രകാരം അപേക്ഷയിന്മേൽ 15 ദിവസത്തിനകം തീർപ്പുകൽപ്പിക്കാത്ത പക്ഷം പെർമിറ്റ് ലഭിച്ചതായി കണക്കാക്കി ചട്ടങ്ങൾക്ക് വിധേയമായി അപേക്ഷകന് നിർമ്മാണം തുടങ്ങാവുന്നതാണ്. കൂടാതെ കെട്ടിട നിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലും, തുടർ നടപടികൾ കൈക്കൊള്ളുന്നതിലും കൂടുതൽ വ്യക്തതയും സുതാര്യതയും കാര്യക്ഷമതയും ഉണ്ടാകുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ 02.12.2015ലെ 12900/ആർ.എ1/2015/ തസ്വഭവ നമ്പർ സർക്കുലർ പ്രകാരവും തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്.എന്നാൽ 2017-18 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് പെർമിറ്റുകൾ അനുവദിച്ചിട്ടുള്ളതിൽ സമയക്രമം പാലിക്കപ്പെടാത്ത ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫയൽ നം/ അപേക്ഷിച്ച തിയ്യതി | പെർമിറ്റ് നം./ തിയ്യതി |
|---|---|---|
| 1 | 5313/24-8-17 | A2-BA(65790)/14-11-17 |
| 2 | 5491/11-9-17 | A2-BA(65732)/14-11-17 |
| 3 | 6079/13-10-17 | A4-BA(1820)/14-1-18 |
| 4 | 6876/28-11-17 | A4-BA(6711)/14-2-18 |
| 5 | 7293/21-12-17 | A4-BA(48957)/8-3-18 |
| 6 | 7402/29-12-17 | A4-BA(146414)/6-3-18 |

സമയക്രമം പാലിക്കാത്തതിന്റെ കാരണം വിശദമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.17, തിയ്യതി-19-2-2019) മറുപടിയിൽ രേഖകളുടെ അപര്യാപ്തതയിൽ സാങ്കേതിക വിഭാഗത്തിൽ നിന്നും അന്വേഷണം കഴിഞ്ഞ് തിരിച്ച് ലഭിക്കുന്നതിനുള്ള കാലതാമസമാണ് സമയക്രമം പാലിക്കാൻ കഴിയാതിരുന്നത് എന്ന് അറിയിച്ചിട്ടുണ്ട്. അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസമുണ്ടെങ്കിൽ ആയതിന്റെ കാരണം രജിസ്റ്ററിലും ഫയലിലും വ്യക്തമായിരിക്കേണ്ടതാണ്. യഥാസമയം അപേക്ഷകന് നോട്ടീസ് നൽകേണ്ടതും ആയതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. നോട്ടീസ് സംബന്ധിച്ച് ഫയലിലെ നോട്ട് ഭാഗത്തും, കെട്ടിട നിർമ്മാണ രജിസ്റ്ററിലും രേഖപ്പെടുത്തലുകൾ ഉണ്ടായിരിക്കേണ്ടതാണ്. എല്ലാ മാസവും സെക്രട്ടറിയോ ചുമതലപ്പെടുത്തിയ മറ്റ് ഉദ്യോഗസ്ഥരോ രജിസ്റ്റർ പരിശോധിക്കേണ്ടതും വിവരങ്ങൾ പൂർണമായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും രജിസ്റ്ററിലെ ക്രമപ്രകാരം അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 2. ഫ്ലോർ ഏരിയയ്ക്കു പകരം പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റ്

ഫീസ് കണക്കാക്കുന്ന

സങ്കേതം സോഫ്റ്റ്‌വെയറിലൂടെയുള്ള ഓൺലൈൻ അപേക്ഷകളുടെയും അനുബന്ധ രേഖകളുടെയും പരിശോധനയിൽ, കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് കണക്കാക്കുന്നതിന് ഫ്ലോർ ഏരിയ അടിസ്ഥാനമാക്കി ഫീസ് നിശ്ചയിക്കുന്നതിനു പകരം നിർദ്ദിഷ്ട കെട്ടിടത്തിന്റെ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള ആകെ പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിലാണ് ഫീസ് കണക്കാക്കിയിട്ടുള്ളത് എന്ന് കാണുന്നു. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011 ലെ ചട്ടം 11(3) ലെ ഷെഡ്യൂൾ II ൽ പെർമിറ്റിനുള്ള ഫീസ് നിരക്ക് ആകെ ഫ്ലോർ ഏരിയയുടെ അടിസ്ഥാനമാക്കിയാണ് നിശ്ചയിച്ചിട്ടുള്ളത്. തറവിസ്തീർണാനുപാതം (F.A.R) കണക്കാക്കുന്നതിനും ഫ്ലോർ ഏരിയയ്ക്കു പകരം പ്ലിന്ത് ഏരിയയാണ് അടിസ്ഥാനമാക്കിയിട്ടുള്ളത്. സങ്കേതം സോഫ്റ്റ്‌വെയറിൽ ചട്ടത്തിനനുസൃതമല്ലാതെ കെട്ടിടനിർമ്മാണ പെർമിറ്റ് കണക്കാക്കുന്നത് അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുന്നതിനുള്ള ശ്രമം നടത്തേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-8 ഇ-ടെണ്ടർ ഫോറങ്ങളുടെ വില തനത് ഫണ്ടിലേക്ക് കൈമാറിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള, ഇ-ടെണ്ടർ നടത്തുന്നതിനായി തുറന്നിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ (എസ്. ബി. ഐ അക്കൗണ്ട് നം.37198125077) 11.6.2018 ന് 102410/-രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും അസി.എഞ്ചിനിയറുടെ ഈ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് കിട്ടിയിട്ടുണ്ട്. ഈ തുക 01-04-2015 മുതൽ 30.11.2017 വരെയുള്ള കാലയളവിലെ ഇ-ടെണ്ടർ ഫോറങ്ങളുടെ വാറ്റുൾപ്പെടെയുള്ള വില യാണ് .ഈ തുകയും ടെണ്ടർ ഫോറങ്ങളുടെ വിലയായി നാളിതുവരെ ഈടാക്കിയ മറ്റ് തുകകളും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ജലലഭ്യതാ ടെസ്റ്റ് നടത്തി മോട്ടോർ സ്ഥാപിക്കേണ്ടത് സംബന്ധിച്ച്

2017-18 സാമ്പത്തിക വർഷത്തിൽ അസി.എഞ്ചിനിയർ നിർവഹണോദ്യോഗസ്ഥനായി 15പുതിയ കുടിവെള്ള പദ്ധതികളും 6 കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ എന്നീ വർക്കുകളും ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. 2017-18 ൽ ഏറ്റെടുത്ത് നടപ്പിലാക്കിയ പുതിയ കുടിവെള്ള പദ്ധതികൾ എഗ്രിമെന്റ് വച്ച് ഗുണഭോക്തൃ സമിതികളെ ഏൽപ്പിച്ചതായി കാണുന്നില്ല. ജല ലഭ്യത എത്രയുണ്ടെന്ന് yield test നടത്തി ഉറപ്പാക്കിയതിന് ശേഷമല്ല മോട്ടോറുകൾ വാങ്ങി സ്ഥാപിച്ചിട്ടുള്ളത്. എല്ലാ കുഴൽകിണറുകൾക്കും KWA യുടെ നിരക്കിൽ ഒരേ രീതിയിൽ 7.5 hp സബ്മേഴ്സിബിൾ മോട്ടോറുകൾ 136000/-രൂപയോളം ചെലവഴിച്ചാണ്

വാങ്ങിയിട്ടുള്ളത്. ഇപ്രകാരമൊരു സാഹചര്യത്തിൽ ആവശ്യത്തിന് വെള്ളം കുഴൽകിണറിൽ ഇല്ലെങ്കിൽ മോട്ടോറുകൾ എളുപ്പത്തിൽ കേടുവരാൻ ഇടയാവും എന്ന വസ്തുത പരിഗണിച്ചിട്ടില്ല. താരതമ്യേന ചെറിയ കുടിവെള്ള പദ്ധതികൾക്കും കൂടിയ കുതിര ശക്തിയിലുള്ള മോട്ടോറുകൾ ഉപയോഗിച്ച് നേരിട്ട് വെള്ളം പമ്പ് ചെയ്യുന്നതിനാൽ മർദ്ദം താങ്ങാനാവാതെ പൈപ്പ് ലൈൻ പൊട്ടിപ്പോവാനുള്ള സാധ്യതയും തള്ളിക്കളയാനാവില്ല. തൻ വർഷം ഭൂഗർഭ ജല വകുപ്പിന്റെ സഹായത്തോടെ ജല ശേഷി വിലയിരുത്താതെ 136000/- രൂപയിലധികം ചെലവഴിച്ചാണ് മോട്ടോറുകൾ വാങ്ങിയിട്ടുള്ളത് . മോട്ടോറുകൾ സ്ഥാപിക്കുന്നതിന് ഒരു HP ക്ക് 18135 രൂപ പ്രകാരം വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടറുടെ 20.12.2011 ലെ KWA/HO/SP/333 /2011/Pumps ഉത്തരവു പ്രകാരമുള്ള നിരക്കാണ് സ്വീകരിച്ചിട്ടുള്ളത്. മേൽ ഉത്തരവ് കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന പ്രവൃത്തികൾ വേണ്ടി മാത്രം പുറപ്പെടുവിച്ച ഉത്തരവാണ്. ഇത് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തികൾക്ക് ബാധകമല്ല. കുഴൽകിണറിലെ ജലലഭ്യതാ ടെസ്റ്റ് (യീൽഡ് ടെസ്റ്റ്) നടത്തി മോട്ടോർ സ്ഥാപിക്കേണ്ട ആഴം കണക്കിലെടുത്ത് അതിനനുസൃതമായ സ്റ്റേജുള്ള മോട്ടോറാണ് സ്ഥാപിക്കേണ്ടത്. സ്റ്റേജിനനുസരിച്ച് മോട്ടോറിന്റെ വിലയിൽ വ്യത്യാസം ഉള്ളതിനാൽ ആവശ്യമായ മോട്ടോറിന്റെയും അനുബന്ധ സാമഗ്രികളുടെയും വില പരിഗണിച്ചുകൊണ്ടു മാത്രമേ കരാറുകാർക്ക് തുക അനുവദിക്കാൻ പാടുള്ളൂ എന്നിരിക്കെ എല്ലാ കുടിവെള്ള പദ്ധതികളിലും സബ്മേഴ്സിബിൾ മോട്ടോറും അനുബന്ധ സാമഗ്രികളും സ്ഥാപിക്കാൻ 18135/HP നിരക്ക് അനുവദിക്കുന്നത് അഭികാമ്യമല്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ നമ്പർ, പേര് | അടങ്കൽ | ചെലവ് | ബിൽ നം,തിയതി | മോട്ടോറിന്റെ കുതിര ശക്തി, കുഴൽ കിണറിന്റെ താഴ്ച | വില |
|---|---|---|---|---|---|---|
| 1 | 134/18മാപ്പിളപ്പൊറ്റ കുടിവെള്ള പദ്ധതി -ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>കരാറുകാരൻ-ഷെയ്ക്ക് അബ്ദുൾ ഖാദർ | 200000 | 199902 | 71/17-18 തിയതി 12/03/18 | 7.5 hp --- മീറ്റർ | 136013 |
| 2 | 192/18 ഭഗവതി നഗർ കുടിവെള്ള പദ്ധതി<br>-ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>കരാറുകാരൻ-ഫ്രാങ്ക്ലിൻ ജോസ് | 490000 | 489908 | 77/17-18 തിയതി 24/01/18 | 7.5 hp 126മീറ്റർ | 136013 |
| 3 | 251/18 പന്നാംകോട്കുടിവെള്ളപദ്ധതി-പ്ലാൻ ജനറൽ | 400000 | 399705 | 94/17-18 തിയതി | 7.5 hp 133.80മീറ്റർ | 136013 |

| | | | | | | |
|---|---|---|---|---|---|---|
| | കരാറുകാരൻ-ഷെയ്ക്ക് അബ്ദുൾ ഖാദർ | | | 21/03/18 | | |
| 4 | 63/18 കോഴിമുട്ടത്തറ കുടിവെള്ള പദ്ധതി<br>-പ്ലാൻ ജനറൽ,(51188)<br>പ്ലാൻ എസ്.സി.പി(75000)<br>-ധനകാര്യ കമ്മീഷൻ ഗ്രാന്റ്(23812) | 150000 | 144370 | 1).64/17-18<br>തിയതി<br>21/02/18<br>1).63/17-18<br>തിയതി<br>21/02/18<br>തുക 75000<br>2.)64/17-18<br>തിയതി<br>21/02/18<br>തുക 23812<br>3).84/17-18<br>തിയതി<br>21/03/18<br>തുക 45558 | 7.5<br>164.50<br>മീറ്റർ | 136013 |
| 5 | 132/18 പൂതംകോട് കുടിവെള്ള പദ്ധതി<br>-ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 450000 | 443702 | 56/17-18<br>തിയതി-<br>19-03-18 | 10hp<br>----മീ. | 181350.80 |
| 6 | 137/18 കിഴക്കേത്തറ കുടിവെള്ള പദ്ധതി --ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 240000 | 227200 | 50/17-18<br>തിയതി<br>30/12/17 | 7.5<br>----മീറ്റർ | 136013 |

കിണറിലെ ജലലഭ്യതാ ടെസ്റ്റ് നടത്തി മോട്ടോർ സ്ഥാപിക്കേണ്ട ആഴം കണക്കിലെടുത്ത് സ്റ്റേജിനനുസരിച്ചുള്ള മോട്ടോറുകൾ സ്ഥാപിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

## 3-2 ബിറ്റുമെൻ ബാരൽ വില ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കണം

2016-17 വർഷത്തിൽ അംഗീകാരം ലഭിച്ചശേഷം സ്പിൽ ഓവർ ആയതും 2017-18 വർഷം ബിൽ തുക നൽകിയതുമായ താഴെ പറയുന്ന ടാറിങ്ങ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമെൻ റേറ്റാണ് ഉൾപ്പെടുത്തിയിരുന്നത്. ഈ പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ബിറ്റുമിന്റെ ബാരൽവില ഈടാക്കിയതായി കാണുന്നില്ല. പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു

| ഉപയോഗിച്ച ബിറ്റുമിന്റെ ബാരൽ അളവ് | ss1 (200kg/barrel) | s-65/vg30 (156kg/barrel) | rs1 (182kg/barrel) |
|---|---|---|---|

1.പ്രൊജക്ട് നം/ പേര് : 72/17(185/18) കരിമ്പ റോഡ് ഇട്ടുക്കിൻകൽമട റോഡ് ടാറിംങ്

| | |
|---|---|
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.480,000/- മെയിന്റനൻസ് ഗ്രാന്റ് റോഡ്) |
| ചെലവ്. തുക | 480000 |
| ബിൽ നം ,തിയതി | 1/2017-18 dt.29-06-17 |
| എഗ്രിമെന്റ് നം/ യിയതി | 2/ae/lsgd/vdy/2016-17 dt.21-01-2017 |
| എം ബുക്ക് നം | 526/2016-17 |
| പൂർത്തിയാക്കിയ തിയതി | 09-06-17 |
| കരാറുകാരൻ | വി.വിഷ്ണുദാസ് |

| ഇനം | പ്രവൃത്തി | അളവ് Sq.m | ആവശ്യമായ ബിറ്റുമിൻ(as per adequacy) | ബാരലിന്റെ എണ്ണം |
|---|---|---|---|---|
| 1. | Prime coat with packed bitumin (ss1) | 919.635 | @0.85kg/$m^2$ =781.68kg | 3.90 |
| 2. | Tack coat with bitumin emulsion (rs1) | 919.635 | @0.275kg/$m^2$ =252.89 kg | 1.39 |
| 3. | 20mm thick open graded premix carpet using bituminous Binder bitumin S-65 etc. | 919.635 | @1.46kg/$m^2$ = 1342.66kg | 8.61 |
| 4. | Seal coat with Bitumin | 919.635 | @0.65kg/$m^2$ =597.76kg | 3.83 |

| | | | | |
|---|---|---|---|---|
| | S-65 | | | |
| ആകെ ബാരലിന്റെ വില @248/- *17.73 = 4397 | | | | 17.73 |

2. പ്രൊജക്ട് നം/ പേര് : 73/17(110/18)മരുതംപാടം കിഴക്കുമുറി റോഡ് ടാറിംങ്

| | |
|---|---|
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.480,000/- മെയിന്റനൻസ് ഗ്രാന്റ് റോഡ്) |
| ചെലവ്. തുക | 479996 |
| 1.ബിൽ നം ,തിയതി<br>2.ബിൽ നം ,തിയതി | 49/2016-17 dt.29-03-17<br>9/2017-18 dt.29-06-17 |
| എഗ്രിമെന്റ് നം/ യിയതി | 37/ae/lsgd/vdy/2016-17 dt.30-01-2017 |
| എം ബുക്ക് നം | 84/2015-16 |
| പൂർത്തിയാക്കിയ തിയതി | 13-06-17 |
| കരാറുകാരൻ | എം.ഷൈജു |

| ഇനം | പ്രവൃത്തി | അളവ് Sq.m | ആവശ്യമായ ബിറ്റുമിൻ(as per adequacy) | ബാരലിന്റെ എണ്ണം |
|---|---|---|---|---|
| 1. | Prime coat with packed bitumin (ss1) | 505.93 | @0.85kg/m2<br>=430.04kg | 2.15 |
| 2. | Tack coat with bitumin emulsion (rs1) | 505.93 | @0.275kg/m2<br>=139.13kg | 0.76 |
| 3. | 20mm thick open graded premix carpet using bituminous Binder bitumin S-65 etc. | 505.93 | @1.46kg/m2<br>= 738.65kg | 4.73 |
| 4. | Seal coat with Bitumin<br>S-65 | 505.93 | @0.65kg/m2<br>=328.85kg | 2.10 |
| ആകെ ബാരലിന്റെ വില @248/- *9.74 = 2415 | | | | 9.74 |

3.പ്രൊജക്ട് നം/ പേര് : 95/17(185/18) മുടപ്പല്ലൂർ-തെക്കേക്കാട് റോഡ് ടാറിംങ്

| | |
|---|---|
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.135,000/- മെയിന്റനൻസ് ഗ്രാന്റ് റോഡ്) |
| ചെലവ്. തുക | 129229 |
| ബിൽ നം ,തിയതി | 8/2017-18 dt.29-06-17 |
| എഗ്രിമെന്റ് നം/ യിയതി | 35/ae/lsgd/vdy/2016-17 dt.30-01-2017 |
| എം ബുക്ക് നം | 526/2016-17 |
| പൂർത്തിയാക്കിയ തിയതി | 09-06-17 |
| കരാറുകാരൻ | എം.ഷൈജു |

| ഇനം | പ്രവൃത്തി | അളവ് Sq.m | ആവശ്യമായ ബിറ്റുമിൻ(as per adequacy) | ബാരലിന്റെ എണ്ണം |
|---|---|---|---|---|
| 1. | Prime coat with packed bitumin (ss1) | 245.25 | @0.85kg/m$^2$ =208.46kg | 1.04 |
| 2. | Tack coat with bitumin emulsion (rs1) | 245.25 | @0.275kg/m$^2$ = 67.44 kg | 0.37 |
| 3. | 20mm thick open graded premix carpet using bituminous Binder bitumin S-65 etc. | 245.25 | @1.46kg/m$^2$ = 358.06 kg | 2.30 |
| 4. | Seal coat with Bitumin S-65 | 245.25 | @0.65kg/m$^2$ =159.41 kg | 1.02 |
| ആകെ ബാരലിന്റെ വില @248/- 4.73 = 1173 | | | | 4.73 |

4.പ്രൊജക്ട് നം/ പേര് : 70/17(185/18) തിരുത്തോട് റോഡ് ടാറിംങ്

| | |
|---|---|
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.375,000/- മെയിന്റനൻസ് ഗ്രാന്റ് റോഡ്) |
| ചെലവ്. തുക | 375000 |
| ബിൽ നം ,തിയതി | 5/2017-18 dt.29-06-17 |

| | |
|---|---|
| എഗ്രിമെന്റ് നം/ തിയതി | 39/ae/lsgd/vdy/2016-17 dt.30-01-2017 |
| എം ബുക്ക് നം | 531/2016-17 |
| പൂർത്തിയാക്കിയ തിയതി | 12-06-17 |
| കരാറുകാരൻ | എൽദോസ് ജോയ് |

| ഇനം | പ്രവൃത്തി | അളവ് Sq.m | ആവശ്യമായ ബിറ്റുമിൻ(as per adequacy) | ബാരലിന്റെ എണ്ണം |
|---|---|---|---|---|
| 1. | Prime coat with packed bitumin (ss1) | 715.89 | @0.85kg/m$^2$ =608.50kg | 3.04 |
| 2. | Tack coat with bitumin emulsion (rs1) | 715.89 | @0.275kg/m$^2$ =196.87 kg | 1.08 |
| 3. | 20mm thick open graded premix carpet using bituminous Binder bitumin S-65 etc. | 715.89 | @1.46kg/m$^2$ = 1045.19kg | 6.70 |
| 4. | Seal coat with Bitumin S-65 | 715.89 | @0.65kg/m$^2$ =465.32kg | 2.98 |
| ആകെ ബാരലിന്റെ വില @248/- *13.80 = 3422 | | | | 13.80 |

5.പ്രൊജക്ട് നം/ പേര് : 75/17(185/18) ശിവൻകോവിൽ കവറകുളം റോഡ് ടാറിംങ്

| | |
|---|---|
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.600,000/- മെയിന്റനൻസ് ഗ്രാന്റ് റോഡ്) |
| ചെലവ്. തുക | 591183 |
| ബിൽ നം ,തിയതി | 4/2017-18 dt.29-06-17 |
| എഗ്രിമെന്റ് നം/ യിയതി | 45/ae/lsgd/vdy/2016-17 dt.30-01-2017 |
| എം ബുക്ക് നം | 125/2015-16 |
| പൂർത്തിയാക്കിയ തിയതി | 01-06-17 |

| | |
|---|---|
| കരാറുകാരൻ | കെ.പി.ജോയ് |

റോഡ് ടാറിംങ്

| ഇനം | പ്രവൃത്തി | അളവ് Sq.m | ആവശ്യമായ ബിറ്റുമിൻ(as per adequacy) | ബാരലിന്റെ എണ്ണം |
|---|---|---|---|---|
| 1. | Prime coat with packed bitumin (ss1) | 371.625 | @0.85kg/$m^2$ =315.88kg | 1.58 |
| 2. | Tack coat with bitumin emulsion (rs1) | 371.625 | @0.275kg/$m^2$ = 102.20 kg | 0.56 |
| 3. | 20mm thick open graded premix carpet using bituminous Binder bitumin S-65 etc. | 371.625 | @1.46kg/$m^2$ = 542.57 kg | 3.48 |
| 4. | Seal coat with Bitumin S-65 | 371.625 | @0.65kg/$m^2$ =241.56 kg | 1.55 |
| ആകെ ബാരലിന്റെ വില @248/- *7.17 = 1778 | | | | 7.17 |

റോഡ് റീടാറിംങ്

| ഇനം | പ്രവൃത്തി | അളവ് Sq.m | ആവശ്യമായ ബിറ്റുമിൻ(as per adequacy) | ബാരലിന്റെ എണ്ണം |
|---|---|---|---|---|
| 1. | Tack coat with bitumin emulsion (rs1) | 1400.19 | @0.225kg/$m^2$ =315.04 kg | 1.73 |
| 2. | 20mm thick open graded premix carpet using bituminous Binder bitumin S-65 etc. | 1400.19 | @1.46kg/$m^2$ = 2044.27kg | 13.10 |
| 3. | Seal coat with Bitumin S-65 | 1400.19 | @0.65kg/$m^2$ =910.12kg | 5.83 |
| 4. | Modified penetration macadam 75 mm thick using s-65 packed bitumen rates | 151.01 | @2.00/$m^2$ = 302.02 kg | 1.93 |

| | |
|---|---|
| ആകെ ബാരലിന്റെ വില @248/- *22.59 = 5602 | 22.59 |

6.പ്രൊജക്റ്റ് നം/ പേര് : 66/17(182/18) കണക്ക റോഡ് ടാറിംങ്

| | |
|---|---|
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.475,000/- മെയിന്റനൻസ് ഗ്രാന്റ് റോഡ്) |
| ചെലവ്. തുക | 475000 |
| ബിൽ നം ,തിയതി | 2/2017-18 dt.29-06-17 |
| എഗ്രിമെന്റ് നം/ യിയതി | 56/ae/lsgd/vdy/2016-17 dt.30-01-2017 |
| എം ബുക്ക് നം | 534/2016-17 |
| പൂർത്തിയാക്കിയ തിയതി | 13-06-17 |
| കരാറുകാരൻ | കെ.എൽ.കൃഷ്ണൻകുട്ടി |

| ഇനം | പ്രവൃത്തി | അളവ് Sq.m | ആവശ്യമായ ബിറ്റുമിൻ(as per adequacy) | ബാരലിന്റെ എണ്ണം |
|---|---|---|---|---|
| 1. | Prime coat with packed bitumin (ss1) | 937.25 | @0.85kg/$m^2$ =796.66kg | 3.98 |
| 2. | Tack coat with bitumin emulsion (rs1) | 937.25 | @0.275kg/$m^2$ =257.74 kg | 1.42 |
| 3. | 20mm thick open graded premix carpet using bituminous Binder bitumin S-65 etc. | 937.25 | @1.46kg/$m^2$ = 1368.38kg | 8.77 |
| 4. | Seal coat with Bitumin S-65 | 937.25 | @0.65kg/$m^2$ =609.21kg | 3.91 |
| ആകെ ബാരലിന്റെ വില @248/- *18.08 = 4484 | | | | 18.08 |

7.പ്രൊജക്റ്റ് നം/ പേര് : 94/17(182/18) കുന്നുപറമ്പ് വിയ്യലി റോഡ് ടാറിംങ്

| | |
|---|---|
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.400,000/- മെയിന്റനൻസ് ഗ്രാന്റ് റോഡ്) |
| ചെലവ്. തുക | 400000 |
| ബിൽ നം ,തിയതി | 3/2017-18 dt.29-06-17 |

| | |
|---|---|
| എഗ്രിമെന്റ് നം/ യിയതി | 49/ae/lsgd/vdy/2016-17 dt.30-01-2017 |
| എം ബുക്ക് നം | 124/2015-16 |
| പൂർത്തിയാക്കിയ തിയതി | 08-05-17 |
| കരാറുകാരൻ | കെ.എൽ.കൃഷ്ണൻകുട്ടി |

| ഇനം | പ്രവൃത്തി | അളവ് Sq.m | ആവശ്യമായ ബിറ്റുമിൻ(as per adequacy) | ബാരലിന്റെ എണ്ണം |
|---|---|---|---|---|
| 1. | Prime coat with packed bitumin (ss1) | 442.26 | @0.85kg/m$^2$ =375.92kg | 1.88 |
| 2. | Tack coat with bitumin emulsion (rs1) | 442.26 | @0.275kg/m$^2$ =121.62 kg | 0.67 |
| 3. | 20mm thick open graded premix carpet using bituminous Binder bitumin S-65 etc. | 442.26 | @1.46kg/m$^2$ = 645.69kg | 4.14 |
| 4. | Seal coat with Bitumin S-65 | 442.26 | @0.65kg/m$^2$ =287.47kg | 1.84 |
| ആകെ ബാരലിന്റെ വില @248/- *8.53 = 2115 | | | | 8.53 |

8.പ്രൊജക്ട് നം/ പേര് : 96/17(182/18) പുല്ലംപാടംതറ റോഡ് ടാറിംങ്

| | |
|---|---|
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.350,000/- മെയിന്റനൻസ് ഗ്രാന്റ് റോഡ്) |
| ചെലവ്. തുക | 350000 |
| ബിൽ നം ,തിയതി | 25/2017-18 dt.28-09-17 |
| എഗ്രിമെന്റ് നം/ യിയതി | 49/ae/lsgd/vdy/2016-17 dt.30-01-2017 |
| എം ബുക്ക് നം | 537/2016-17 |
| പൂർത്തിയാക്കിയ തിയതി | 13-06-17 |
| കരാറുകാരൻ | എം.ഷൈജു |

| ഇനം | പ്രവൃത്തി | അളവ് Sq.m | ആവശ്യമായ ബിറ്റുമിൻ(as per adequacy) | ബാരലിന്റെ എണ്ണം |
|---|---|---|---|---|
| 1. | Prime coat with packed bitumin (ss1) | 620.83 | @0.85kg/m$^2$ =527.71kg | 2.64 |
| 2. | Tack coat with bitumin emulsion | 620.83 | @0.275kg/m$^2$ | 0.94 |

| | | | | |
|---|---|---|---|---|
| | (rs1) | | =170.73kg | |
| 3. | 20mm thick open graded premix carpet using bituminous Binder bitumin S-65 etc. | 620.83 | @1.46kg/$m^2$<br>= 906.41kg | 5.81 |
| 4. | Seal coat with Bitumin<br>S-65 | 620.83 | @0.65kg/$m^2$<br>=403.54kg | 2.59 |
| ആകെ ബാരലിന്റെ വില @248/- *11.98 = 2971 | | | | 11.98 |

9.പ്രൊജക്ട് നം/ പേര് : 78/17(182/18) കാടാംകോട് പടിഞ്ഞാറെത്തറ റോഡ് ടാറിംങ്

| | |
|---|---|
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.4,95,000/- മെയിന്റനൻസ് ഗ്രാന്റ് റോഡ്+ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ്. തുക | 401429 |
| ബിൽ നം ,തിയതി | 1). 21/2017-18 dt.28-09-17 തുക 300000<br>2).22/2017-18 dt.28-09-17 തുക 101429 |
| എഗ്രിമെന്റ് നം/ യിയതി | 12/ae/lsgd/vdy/2016-17 dt.21-01-2017 |
| എം ബുക്ക് നം | 536/2016-17 |
| പൂർത്തിയാക്കിയ തിയതി | 31-03-17 |
| കരാറുകാരൻ | സി.കെ.ശ്രീകുമാർ |

| ഇനം | പ്രവൃത്തി | അളവ്<br>Sq.m | ആവശ്യമായ ബിറ്റുമിൻ(as per adequacy) | ബാരലിന്റെ എണ്ണം |
|---|---|---|---|---|
| 1. | Prime coat with packed bitumin (ss1) | 571.50 | @0.85kg/$m^2$<br>=485.78kg | 2.43 |
| 2. | Tack coat with bitumin emulsion (rs1) | 571.50 | @0.275kg/$m^2$<br>=157.16kg | 0.86 |
| 3. | 20mm thick open graded premix carpet using bituminous Binder bitumin S-65 etc.v | 571.50 | @1.46kg/$m^2$<br>= 834.39kg | 5.35 |
| 4. | Seal coat with Bitumin<br>S-65 | 571.50 | @0.65kg/$m^2$<br>=371.48kg | 2.38 |
| ആകെ ബാരലിന്റെ വില @248/- *11.02 = 2733 | | | | 11.02 |

10.പ്രൊജക്ട് നം/ പേര് : 77/17(188/18) വീട്ടിക്കൽക്കടവ് കുന്നത്തു ഗേറ്റ്

റോഡ് ടാറിംങ്-1ാം ഘട്ടം

| | |
|---|---|
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.4,50,000/- മെയിന്റനൻസ് ഗ്രാന്റ് റോഡ്) |
| ചെലവ്. തുക | 450000 |
| ബിൽ നം ,തിയതി | 26/2017-18 dt.28-09-17 തുക 450000 |
| എഗ്രിമെന്റ് നം/ യിയതി | 44/ae/lsgd/vdy/2016-17 dt.30-01-2017 |
| എം ബുക്ക് നം | 535/2016-17 |
| പൂർത്തിയാക്കിയ തിയതി | 12-06-17 |
| കരാറുകാരൻ | കെ.പി.ജോയ് |

| ഇനം | പ്രവൃത്തി | അളവ് Sq.m | ആവശ്യമായ ബിറ്റുമിൻ(as per adequacy) | ബാരലിന്റെ എണ്ണം |
|---|---|---|---|---|
| 1. | Prime coat with packed bitumin (ss1) | 861.81 | @0.85kg/m$^2$ =732.53 kg | 3.66 |
| 2. | Tack coat with bitumin emulsion (rs1) | 861.81 | @0.275kg/m$^2$ =237 kg | 1.30 |
| 3. | 20mm thick open graded premix carpet using bituminous Binder bitumin S-65 etc.v | 861.81 | @1.46kg/m$^2$ = 1258.24 kg | 8.06 |
| 4. | Seal coat with Bitumin S-65 | 861.81 | @0.65kg/m$^2$ =560.17kg | 3.59 |
| ആകെ ബാരലിന്റെ വില @248/- *16.61 = 4119 | | | | 16.61 |

11. പ്രൊജക്ട് നം/ പേര് : 77/17(188/18) വീട്ടിക്കൽക്കടവ് കുന്നത്തു ഗേറ്റ്

റോഡ് ടാറിംങ്-2-ാം ഘട്ടം

| | |
|---|---|
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.4,50,000/- മെയിന്റനൻസ് ഗ്രാന്റ് റോഡ്) |
| ചെലവ്. തുക | 450000 |
| ബിൽ നം ,തിയതി | 15/2017-18 dt.29-06-17 തുക 450000 |
| എഗ്രിമെന്റ് നം/ യിയതി | 52/ae/lsgd/vdy/2016-17 dt.30-01-2017 |

| | |
|---|---|
| എം ബുക്ക് നം | 527/2016-17 |
| പൂർത്തിയാക്കിയ തിയതി | 30-03-17 |
| കരാറുകാരൻ | സി. എം.മനോജ് |

| ഇനം | പ്രവൃത്തി | അളവ് Sq.m | ആവശ്യമായ ബിറ്റുമിൻ(as per adequacy) | ബാരലിന്റെ എണ്ണം |
|---|---|---|---|---|
| 1. | Prime coat with packed bitumin (ss1) | 854.75 | @0.85kg/m$^2$ =726.54 kg | 3.63 |
| 2. | Tack coat with bitumin emulsion (rs1) | 854.75 | @0.275kg/m$^2$ =235.06 kg | 1.29 |
| 3. | 20mm thick open graded premix carpet using bituminous Binder bitumin S-65 etc.v | 854.75 | @1.46kg/m$^2$ = 1247.94kg | 8.0 |
| 4. | Seal coat with Bitumin S-65 | 854.75 | @0.65kg/m$^2$ =555.59kg | 3.56 |
| ആകെ ബാരലിന്റെ വില @248/- *16.48 = 4087 | | | | 16.48 |

12.പ്രൊജക്ട് നം/ പേര് : 80/17(190/18) കുറുമാലിക്കാവ്റോഡ് ടാറിംങ്

| | |
|---|---|
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.4,00,000/- (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ്. തുക | 400000 |
| ബിൽ നം ,തിയതി | 14/2017-18 dt.29-06-17 തുക 400000 |
| എഗ്രിമെന്റ് നം/ യിയതി | 40/ae/lsgd/vdy/2016-17 dt.30-01-2017 |
| എം ബുക്ക് നം | 463/2016-17 |
| പൂർത്തിയാക്കിയ തിയതി | 18-05-17 |
| കരാറുകാരൻ | എൽദോസ് ജോയ് |

| ഇനം | പ്രവൃത്തി | അളവ് Sq.m | ആവശ്യമായ ബിറ്റുമിൻ(as per adequacy) | ബാരലിന്റെ എണ്ണം |
|---|---|---|---|---|
| 1. | Prime coat with packed bitumin (ss1) | 536.55 | @0.85kg/m$^2$ =456.06 kg | 2.28 |
| 2. | Tack coat with bitumin emulsion (rs1) | 536.55 | @0.275kg/m$^2$ = 147.55kg | 0.81 |

| | | | | |
|---|---|---|---|---|
| 3. | 20mm thick open graded premix carpet using bituminous Binder bitumin S-65 etc.v | 536.55 | @1.46kg/m$^2$<br>= 783.36kg | 5.02 |
| 4. | Seal coat with Bitumin<br>S-65 | 536.55 | @0.65kg/m$^2$<br>=348.76kg | 2.24 |
| ആകെ ബാരലിന്റെ വില @248/- *10.35 = 2567 | | | | 10.35 |

13.പ്രൊജക്റ്റ് നം/ പേര് : 68/17(183/18) ചെമ്പോട് തറ റോഡ് ടാറിംങ്

| | |
|---|---|
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.300000/- (മെയിന്റനൻസ് ഗ്രാന്റ് റോഡ്) |
| ചെലവ്. തുക | 300000 |
| ബിൽ നം ,തിയതി | 24/2017-18 dt.28-09-17 തുക 300000 |
| എഗ്രിമെന്റ് നം/ യിയതി | 11/ae/lsgd/vdy/2016-17 dt.21-01-2017 |
| എം ബുക്ക് നം | 540/2016-17 |
| പൂർത്തിയാക്കിയ തിയതി | 31-03-17 |
| കരാറുകാരൻ | സി.കെ.ശ്രീകുമാർ |

| ഇനം | പ്രവൃത്തി | അളവ് Sq.m | ആവശ്യമായ ബിറ്റുമിൻ(as per adequacy) | ബാരലിന്റെ എണ്ണം |
|---|---|---|---|---|
| 1. | Prime coat with packed bitumin (ss1) | 614.54 | @0.85kg/m$^2$<br>=522.36 kg | 2.61 |
| 2. | Tack coat with bitumin emulsion (rs1) | 614.54 | @0.275kg/m$^2$<br>= 169 kg | 0.93 |
| 3. | 20mm thick open graded premix carpet using bituminous Binder bitumin S-65 etc.v | 614.54 | @1.46kg/m$^2$<br>= 897.22kg | 5.75 |
| 4. | Seal coat with Bitumin<br>S-65 | 614.54 | @0.65kg/m$^2$<br>=399.45kg | 2.56 |
| ആകെ ബാരലിന്റെ വില @248/- *11.85 = 2939 | | | | 11.85 |

14.പ്രൊജക്റ്റ് നം/ പേര് : 63/17(181/18) ഇളവംപാടം -കാടാംകോട് റോഡ് ടാറിംങ്

| | |
|---|---|
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.250000/- (മെയിന്റനൻസ് ഗ്രാന്റ് റോഡ്) |
| ചെലവ്. തുക | 250000 |
| ബിൽ നം ,തിയതി | 23/2017-18 dt.28-09-17 തുക 250000 |
| എഗ്രിമെന്റ് നം/ യിയതി | 10/ae/lsgd/vdy/2016-17 dt.21-01-2017 |
| എം ബുക്ക് നം | 538/2016-17 |
| പൂർത്തിയാക്കിയ തിയതി | 31-03-17 |
| കരാറുകാരൻ | സി.കെ.ശ്രീകുമാർ |

| ഇനം | പ്രവൃത്തി | അളവ് Sq.m | ആവശ്യമായ ബിറ്റുമിൻ(as per adequacy) | ബാരലിന്റെ എണ്ണം |
|---|---|---|---|---|
| 1. | Prime coat with packed bitumin (ss1) | 499.96 | @0.85kg/m$^2$ =424.97 kg | 2.12 |
| 2. | Tack coat with bitumin emulsion (rs1) | 499.96 | @0.275kg/m$^2$ = 137.49 kg | 0.76 |
| 3. | 20mm thick open graded premix carpet using bituminous Binder bitumin S-65 etc.v | 499.96 | @1.46kg/m$^2$ = 729.94 kg | 4.68 |
| 4. | Seal coat with Bitumin S-65 | 499.96 | @0.65kg/m$^2$ =324.97 kg | 2.08 |
| ആകെ ബാരലിന്റെ വില @248/- *9.64 = 2391 | | | | 9.64 |

ആകെ തുക – 47193 അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-3 സമയ ദീർഘീകരണത്തിന് പിഴ ചുമത്തിയില്ല - ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടം

താഴെ പറയുന്ന പ്രവൃത്തി യഥാസമയം എഗ്രിമെന്റ് കാലാവധിക്കുള്ളിൽ സമയക്രമം പാലിച്ച് പൂർത്തീകരിച്ചിട്ടില്ല. സമയ ദീർഘീകരണത്തിന് നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയോ കരാറുകാരനിൽ നിന്നും പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനിയറുമായി കരാറുകാരൻ ഒപ്പുവെച്ച എഗ്രിമെന്റിലെ വ്യവസ്ഥ നം. 7 പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കുവാൻ സാധിക്കാതിരുന്നാൽ കാലാവധിയുടെ അഞ്ചിലൊന്നു സമയം (20%) കൂടി പിഴയില്ലാതെ അനുവദിക്കാവുന്നതാണ്. അതിൽ കൂടുതൽ വരുന്ന 3 മാസം വരെ യുള്ള കാലയളവിന് കരാർ

തുകയുടെ 1% പിഴ ചുമത്തികൊണ്ടും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ 2% പിഴ ചുമത്തികൊണ്ട് മാത്രമേ കാലാവധി നീട്ടി നൽകാവൂ. താഴെ പറയുന്ന പ്രവൃത്തികളുടെ കാര്യത്തിൽ കരാർ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കാതെയാണ് കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുള്ളത്. വിശദവിവരം ചുവടെ കൊടുക്കുന്നു.

1.പദ്ധതി: വടക്കുമുറി കോശക്കുഴി റോഡ് (പ്രൊജ.നം 86/17, 193/18)

അടങ്കൽ 301000 (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് 301000

ബിൽ നം. / തീയതി :16/17-18/29-06-17

എഗ്രിമെന്റ് നം./ തീയതി : 63/16-17/AE/LSGD/vdy/02-03-17

പ്രവൃത്തിയുടെ കാലാവധി : 90 ദിവസം

പ്രവൃത്തി ആരംഭിച്ച തീയതി : 30-01-17

പൂർത്തീകരിച്ച തീയതി: 15-06-17

കരാറുകാരൻ :സി. എം. മനോജ്

1-4-2017 മുതൽ 18-04 2017 വരെ 18 ദിവസം ഗ്രേസ് പിരിയഡ്-

19-04-2017 മുതൽ 14-06-2017 വരെ (57 ദിവസം) pac യുടെ 1% പിഴ

301000* 1/100* 57/90 =1906

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ എൻക്വയറിക്ക് (നം. 27 തീയതി 20.2.19) മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## **3-4** <u>സ്പിൽ ഓവർ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.</u>

2016-17 വർഷത്തിൽ അംഗീകരിച്ചിട്ടുള്ളതും 2017-18 ൽ സ്പിൽ ഓവർ ആയിട്ടുള്ളതുമായ താഴെ പറയുന്ന പ്രവൃത്തികൾ 2017-18 ലും പൂർത്തീകരിച്ച് ഫൈനൽബിൽ നൽകിയിട്ടില്ല. 13-ാം പദ്ധതി മാർഗ്ഗനിർദ്ദേശമനുസരിച്ച് ഒരു പ്രവൃത്തി സ്പിൽ ഓവർ ആയാൽ അത് സ്പിൽ ഓവർ ആയ വർഷം തന്നെ പൂർത്തീകരിക്കണമെന്നുണ്ട്. ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

| ക്രമ നം. | പ്രൊജക്റ്റ് | അടങ്കൽ | ഫണ്ട് |
|---|---|---|---|
| 1. | 180/18 പുതിയ പഞ്ചായത്ത് കെട്ടിടത്തിൽ ഇലക്ട്രിഫിക്കേഷൻ | 200000 | ധനകാര്യ കമ്മീഷൻ അവാർഡ് |

| | | | |
|---|---|---|---|
| 2 | 191/18 പനംകുളമ്പ് കവറത്തറ റോഡ് റീടാറിംങ് | 177267 | MG (Road) |
| 3. | 199/18മുടപ്പല്ലൂർ ടൌൺ കംഫർട്ട് സ്റ്റേഷൻ | 300000 | തനത് ഫണ്ട് |
| 4. | 200/18മുടപ്പല്ലൂർ ബസ് വെയിറ്റിംങ് പുനരുദ്ധാരണം | 200000 | ധനകാര്യ കമ്മീഷൻ അവാർഡ് |
| 5. | 207/18അങ്കണവാടി വൈദ്യുതീകരണം | 130000 | MG (Non road) |
| 6. | 209/18ജി.യു.പി.എസ് പുനരുദ്ധാരണം | 250000 | MG (Non road) |
| 7. | 213/18കിഴക്കേത്തറ കുടിവെള്ള പദ്ധതി | 200000 | തനത് ഫണ്ട് |
| 8. | 214/18ഒട്ടുക്കുര് ലക്ഷം വീട് കുടിവെള്ള പദ്ധതി | 150000 | തനത് ഫണ് |

ഓഡിറ്റ് നിർദ്ദേശം

- പ്രവൃത്തികളുടെ ടെണ്ടർ ക്ഷണിക്കുന്നതിനു മുൻപായി ഭരണ സാങ്കേതികാനുമതികൾക്കൊപ്പം ഫണ്ട് ലഭ്യത, തടസ്സമില്ലാത്ത ഭൂമിയുടെ ലഭ്യത എന്നിവ ഉറപ്പുവരുത്തേണ്ടതാണ്.
- പ്രൊജക്റ്റുകളുടെ പ്രവർത്തന കലണ്ടർ അനുസരിച്ച് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
- മറ്റു വകുപ്പുകളിൽ നിന്നും അനുമതി, NOC, മുതലായവ ലഭ്യമാക്കേണ്ട പ്രവൃത്തികളിൽ പ്രൊജക്റ്റ് രൂപീകരിച്ച് സാങ്കേതികാനുമതി ലഭ്യമാക്കുന്നതോടൊപ്പം തന്നെ ആയവ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
- വികസന സ്റ്റാൻഡിംങ് കമ്മിറ്റി പ്രവൃത്തികളുടെ വിവിധ ഘട്ടങ്ങൾ അവലോകനം നടത്തേണ്ടതും പൊതുമരാമത്ത് വർക്കിംങ് ഗ്രൂപ്പ്, നിർവ്വഹണോദ്യോഗസ്ഥൻ എന്നിവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും പ്രവൃത്തി പൂർത്തീകരണത്തെ ബാധിക്കുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിന് ഫലപ്രദമായി ഇടപെടേണ്ടതുമാണ്.

## 3-5 പഞ്ചായത്തിന്റെ പരിധിയിലുള്ള കുടിവെള്ള വിതരണത്തിന്റെ വിശദ വിവരങ്ങൾ.

പഞ്ചായത്തിന്റെ പരിധിയിലുള്ള കുടിവെള്ള വിതരണത്തിന്റെ വിശദവിവരങ്ങൾ.

2017-18 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന്റെ അധീനതയിലുള്ള നിലവിലെ കുടിവെള്ള പദ്ധതികളുടെ എണ്ണം താഴെ ചേർക്കുന്നു.

| ക്രമ നം. | കുടിവെള്ള പദ്ധതികളുടെ വിവരം |
|---|---|
| 1 | മാത്തൂർ |
| 2 | വടക്കേപ്പുഴ |
| 3 | പുളിക്കൽപറമ്പ് |
| 4 | വളയൽ |

1. കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട് നിയമാവലി അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെങ്കിലും, ജല അതോറിറ്റിയുടെ സഹായത്തോടെ ജലം ലഭ്യമാക്കുന്നതും, പ്രവർത്തനക്ഷമമല്ലാത്തതുമായ പൊതു ടാപ്പുകളുടെ എണ്ണം നാളിത് വരെ തിട്ടപ്പെടുത്തിയിട്ടില്ല. പ്രവർത്തനക്ഷമമായ ടാപ്പുകൾക്ക് നിലവിൽ മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുമില്ല.

<u>സംയുക്ത പരിശോധന നടത്താത്ത സാഹചര്യത്തിൽ ആയത് നിർവ്വഹിക്കുവാനായി പഞ്ചായത്ത് തലത്തിൽ നിന്നും താഴെ പറയുന്ന നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതാണ് :</u>

a. പ്രസ്തുത വിവരം രണ്ടാഴ്ച്ചയ്ക്കകം വാട്ടർ അതോറിറ്റിക്ക് രേഖാമൂലം അറിയിക്കുകയും വാട്ടർ അതോറിറ്റി ഒരാഴ്ച്ചയ്ക്കകം പരിശോധന നടത്തുകയും ചെയ്യേണ്ടതാണ്.

b. പരിശോധനയുടെ വിവരം പഞ്ചായത്ത് ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

c. തർക്ക പരിഹാരത്തിന് പഞ്ചായത്ത് ഡയറക്ടർ കൺവീനറായി കമ്മിറ്റി രൂപവൽക്കരിക്കപ്പെട്ടിട്ടുമുണ്ട്.

നിലവിൽ പഞ്ചായത്ത് നടത്തുന്ന കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടില്ല.കേരള ജല അതോറിറ്റിയുടെ പുതിയ സ്കീമിന്റെ തറകല്ലിടൽ 5/07/2018 ൽ നടന്നിട്ടുണ്ട്.പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് പഞ്ചായത്ത് ഈ പദ്ധതികൾ ഉപേക്ഷിക്കുന്നതാണെന്ന് രേഖാമൂലം വിശദീകരിച്ചിട്ടുമുണ്ട്.(16.02.2019 ലെ അന്വേഷണ നം.5).

പഞ്ചായത്തിന്റെ പരിധിയിലുള്ള നിലവിലെ കുടിവെള്ള കണക്ഷനുകളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

| | |
|---|---|
| ഗാർഹിക കണക്ഷനുകൾ | 713 |
| ഗാർഹികേതര കണക്ഷനുകൾ | 8 |

a. ഗാർഹിക കണക്ഷനുകൾക്ക് പ്രതിമാസം 100/- രൂപയും,ഗാർഹികേതര കണക്ഷനുകൾക്ക് പ്രതിമാസം 200/- രൂപയും, കുടിവെള്ള കണക്ഷനുകൾക്ക് ഡെപ്പോസിറ്റ് തുക 2,000/- രൂപയുമാണ് ഈടാക്കുന്നത്.

b. കുടിവെള്ള പദ്ധതികളിലൂടെ ലഭ്യമാക്കുന്ന ജല ലഭ്യതയ്ക്ക് ഈടാക്കപ്പെടേണ്ട വെള്ളക്കരകുടിശ്ശിക്ക് ആർ.ആർ. നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കണക്ഷൻ വിച്ഛേദിക്കുകയടക്കമുള്ള തുടർനടപടികളും സ്വീകരിച്ച് വരുന്നുമുണ്ട്.

c. കുടിവെള്ള കണക്ഷനുകളിൽ കുടിശ്ശിക വരുത്തിയവർക്ക് പ്രതിമാസം 5/- രൂപ നിരക്കിലാണ്

പിഴ ഈടാക്കി വരുന്നത്. വെള്ളക്കര വർദ്ധനവ് 31.12.2014 ലെ പഞ്ചായത്ത് തീരുമാന നം.26(2) പ്രകാരം 01/04/2015 ലാണ് അവസാനം വരുത്തിയിട്ടുള്ളത്.

പഞ്ചായത്തിന്റെ പരീധിയിലുള്ള 4 കുടിവെള്ള പദ്ധതികളുടെ പരിവാലന ചെലവുകളുടെ വിവരം താഴെ ചേർക്കുന്നു :

| | |
|---|---|
| വൈദ്യുതി ബിൽ | 4,53,971/- |
| പമ്പ് ഓപ്പറേറ്റർമാർക്കുള്ള വേതനം | 6,62,100/- |
| അറ്റകുറ്റപണികൾ | 3,00,000/- |
| ആകെ | 14,16,071/- |

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. സംയുക്ത പരിശോധനയിലൂടെ നിർണ്ണയിക്കപ്പെട്ട പ്രവർത്തനക്ഷമമായ പൊതു ടാപ്പുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
2. പഞ്ചായത്തിന്റെ പരിധിയിലുള്ള മുഴുവൻ പൊതുടാപ്പുകളും നീക്കം ചെയ്യുന്നതിനായി K.W.A യുമായി ഡെപ്പാസിറ്റ് വർക്കിലുൾപ്പെടുത്തി പൊതു ടാപ്പുകൾ നീക്കം ചെയ്യാവുന്നതാണ്. ഇത്തരത്തിൽ നീക്കം ചെയ്യപ്പെട്ട പൊതുടാപ്പുകൾക്ക് പകരം വ്യക്തിഗത ഗാർഹിക കണക്ഷനുകൾ സബ്സിഡൈസഡ് നിരക്കിൽ അനുവദിച്ച് തനത് ഫണ്ടിലെ ശോഷണം തടയാവുന്നതാണ്. തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഭരണസമിതി തീരുമാനം കൈക്കൊളളേണ്ടതാണ്.
3. കുടിവെള്ള പദ്ധതികൾ പ്രവർത്തനക്ഷമമാക്കിയതിന് ശേഷം തുടർനടത്തിപ്പിനായി ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കാവുന്നതാണ്. പിന്നീട് കുടിവെള്ള പദ്ധതികളുടെ പരിപാലന ചെലവുകൾ പ്രസ്തുത സമിതികളാണ് നിർവ്വഹിക്കേണ്ടത്. ഇതിലൂടെ കൈമാറുന്ന പദ്ധതികളുടെ ഭീമമായ പരിപാല ചെലവുകൾ ഒഴിവാക്കി, തനത് ഫണ്ടിലെ ശോഷണം തടയാവുന്നതാണ്.

## 3-6 പഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകളുടെ വിശദവിവരങ്ങൾ.

പഞ്ചായത്തിന്റെ അധീനതയിലുള്ള തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം, ഇനം എന്നിവ പഞ്ചായത്തധികൃതരും, കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരും ചേർന്ന് 8/2016, 9/2016 മാസങ്ങളിൽ നടത്തിയ സംയുക്ത പരിശോധനയിലൂടെ തിട്ടപ്പെടുത്തിയിട്ടുണ്ട്. സംയുക്ത പരിശോധനയ്ക്ക് മുമ്പ് 58,669 രൂപയാണ് തെരുവ് വിളക്കുകൾക്കുള്ള വൈദ്യുതി ചാർജ്ജിനത്തിൽ കെ.എസ്.ഇ.ബി.യിലേക്ക് അടവാക്കിയിരുന്നത്.

സംയുക്ത പരിശോധനയ്ക്ക് ശേഷം പ്രസ്തുത ചെലവ് ഇനം 5,111/- രൂപയായി കുറഞ്ഞിട്ടുണ്ട്.

തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്ന പദ്ധതി പൂർത്തിയായിട്ടില്ല. മീറ്ററിംഗ് സംവിധാനത്തിൽ ഉൾപ്പെടാത്ത തെരുവ് വിളക്കുകൾക്ക് കെ.എസ്.ഇ.ബി നിശ്ചയിക്കുന്ന Tariff rate പ്രകാരമാണ് പഞ്ചായത്ത് വൈദ്യുതി ചാർജ്ജ് അടവാക്കി വരുന്നത്.
വിശദവിവരങ്ങൾ :

| ക്രമ നം. | ബൾകളുടെ തരം | വാട്സിന്റെ വിവരം | ബൾകളുടെ എണ്ണം | ടാരിഫ് റേറ്റ് | അടവാക്കുന്ന തുക |
|---|---|---|---|---|---|
| 1 | ഓർഡിനറി | 1x40 | 31 | 66x31 | 2046 |
| 2 | ഫ്ലൂറസെന്റ് ട്യൂബ് | 2x40 | 19 | 134x19 | 2546 |
| 3 | സി.എഫ്.എൽ.ഓട്ടോമാറ്റിക്ക് | 1x18 | 20 | 26x20 | 520 |
| 4 | എൽ.ഇ.ഡി | 1x18 | 52 | 14x52 | 728 |
| | ആകെ | | | | 5840/- |

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. 12.03.2013 ലെ സ.നം.65529/ഡി.സി3/12 ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണ്.പ്രസ്തുത സഹായം കെ.എസ്.ഇ.ബി നല്കുകയും, ആയതിനുള്ള തുക കെ.എസ്.ഇ.ബി യിൽ ഒടുക്കേണ്ടതുമാണ്.

2. വൈദ്യുതി ഉപഭോഗം കൂടിയ ഓർഡിനറി ബൾബുകളും, ഫ്ലൂറസെന്റ് ബൾബുകളും മാറ്റി വൈദ്യുതി ഉപഭോഗം താരതമ്യേന കുറഞ്ഞതും ഈട് നിൽക്കുന്നതുമായ എൽ.ഇ.ഡി ലാമ്പുകൾ മാറ്റി സ്ഥാപിക്കേണ്ടതാണ്.

3. എൽ.ഇ.ഡി ലാമ്പുകൾ ആയുസ്സ് കൂടിയതും പരിസ്ഥിതിക്ക് ഹാനികരമല്ലാത്തതുമാണ്.ആയതിനാൽ ഇവ സ്ഥാപിക്കുന്നതിന് മുൻഗണന നല്കി വില്പനാനന്തര സേവന വ്യവസ്ഥകൾ ഉറപ്പാക്കി വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ച് ആവശ്യമായവ വാങ്ങാവുന്നതാണ്.

മേൽ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കിയാൽ തെരുവിളക്കുകൾക്കുള്ള വൈദ്യുതി ചാർജ്ജിനത്തിൽ ഗണ്യമായി കുറവ് കൈവരിക്കാവുന്നതാണ്.

അനന്തര നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

# 3-7 പഞ്ചായത്ത് വാഹനത്തിന്റെ ഉപയോഗവുമായി സൂക്ഷിക്കേണ്ട രജിസ്റ്ററുകളും റെക്കോഡുകളും പൂർണ്ണമല്ല.

എ)ജി.ഒ.(എം.എസ്)170/07 ത.സ്വ.ഭ.വ 30/06/2007ൽ നിർദ്ദേശിച്ച പ്രകാരം പഞ്ചായത്തിന്റെ വാഹനത്തിന്റെ (Bolero – KL 49B8388) ഉപയോഗവുമായി ബന്ധപ്പെട്ട് കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി താഴെ പറയുന്ന രജിസ്റ്ററുകളും റെക്കോഡുകളും സൂക്ഷിക്കേണ്ടതാണ്.

1. ലോഗ് ബുക്ക്

2. പെട്രോൾ/ഡീസൽ മുതലായവയ്ക്കുള്ള ഓർഡർ ബുക്ക്
3. റിപ്പയർ രജിസ്റ്റർ
4. ഇന്ധനത്തിന്റെയും എണ്ണയുടെയും ഉപയോഗം കാണിക്കുന്ന ഫ്യുവൽ രജിസ്റ്റർ
5. സ്റ്റോക്ക് രജിസ്റ്റർ

നിലവിൽ വാഹനത്തിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട് ലോഗ് ബുക്കും, പരിപാലന ചെലവുകൾക്കായി കണ്ടിൻജന്റ് രജിസ്റ്ററും സൂക്ഷിച്ച് വരുന്നുണ്ട്.മേൽ സൂചിത രജിസ്റ്ററുകളിൽ ക്രമ നം.2 മുതൽ 5 വരെയുള്ള രജിസ്റ്ററുകൾ പരിപാലിക്കാത്തതിനുള്ള വിശദീകരണം ലഭ്യമാക്കുവാനായി 20.02.2019 ലെ അന്വേഷണ നം.24 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

ബി)ആറു മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വാഹന വകുപ്പിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തേണ്ടതാണ്.പ്രസ്തുത ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റിന്റെ സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിപ്പിക്കേണ്ടതാണെന്ന് 30/06/2007ലെ ജി.ഒ.(എം.എസ്)170/07 ത.സ്വ.ഭ.വ ഉത്തരവിൽ നിഷ്കർഷിക്കുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ ഒരു തവണ മാത്രമേ (07.12.2017) പ്രസ്തുത ടെസ്റ്റ് നടത്തിയിട്ടുള്ളൂ.ഭാവിയിൽ മേൽ സൂചിത ഉത്തരവിൽ നിഷ്കർഷിക്കുന്ന നിർദ്ദേശം പാലിക്കേണ്ടതാണ്.

## **3-8** <u>വിവിധ ഡെപ്പോസിറ്റ് വർക്കുകളിൽ ഉൾപ്പെടുത്തി നൽകിയ തുകകൾക്കുള്ള ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല</u>

ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 10,00,000/- രൂപ അടങ്കലായി വകയിരുത്തി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ലൈൻ വലിക്കൽ എന്ന SOO44/18 പ്രൊജക്റ്റിന് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. തുക കെ.എസ്.ഇ.ബി യിലേക്ക് ഡെപ്പോസിറ്റായി നൽകിയിട്ടുണ്ട്.
ചെലവിന്റെ വിശദാംശങ്ങൾ :

| ബിൽ നം./തിയതി | ചെലവ് |
|---|---|
| 18/8/01/2018 | 80,8200/- |
| 19/8/01/2018 | 10,080/- |
| 24/11/01/2018 | 53,100/- |
| 26/11/01/2018 | 60,700/- |
| ആകെ | 9,32,080/- |

NEFT ലൂടെ തുക ട്രാൻസ്ഫർ ചെയ്ത സ്ഥാപനങ്ങളുടെ വിശദവിവരങ്ങൾ :

| ക്രമ | സ്ഥാപനത്തിന്റെ പേര് | തുക |
|---|---|---|

| നം. | വിവരങ്ങൾ | |
|---|---|---|
| 01 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി. വടക്കഞ്ചേരി<br>(ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്) | 10,080/- |
| 02 | എ.ഇ. കെ.എസ്.ഇ.ബി. ലിമിറ്റഡ്,<br>കിഴക്കഞ്ചേരി<br>(ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്) | 60,700/- |
| 03 | കെ.എസ്.ഇ.ബി. മുടപ്പല്ലൂർ | 8,08,200/- |
| 04 | കെ.എസ്.ഇ.ബി. നെന്മാറ | 53,100/- |
| | ആകെ | 9,32,080/- |

1. തുകകൾ നൽകപ്പെട്ട സ്ഥാപനവുമായി പ്രവൃത്തിയുടെ ആരംഭവും, പൂർത്തീകരണ കാലയളവും വ്യക്തമാക്കി കരാർ ചമച്ചിട്ടില്ല.
2. ക്രമ നം.1,2 എന്നിവയിൽ ഉൾപ്പെട്ട സ്ഥാപനം ഒഴികെ മറ്റ് പദ്ധതിയിലുൾപ്പെടുത്തി നൽകിയ തുകകൾക്കുള്ള ധനവിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല.

ഓഡിറ്റ് നിർദ്ദേശം

1. ഡെപ്പോസിറ്റ് വർക്കുകളിലുൾപ്പെടുത്തി തുകകൾ നൽകുകമ്പോൾ ബന്ധപ്പെട്ട സ്ഥാപനവുമായി പ്രവൃത്തിയുടെ ആരംഭവും, പൂർത്തീകരണ കാലയളവും വ്യക്തമാക്കി കരാർ ചമക്കേണ്ടതാണ്.
2. പദ്ധതി പൂർത്തിയാവുന്ന മുറയ്ക്ക് ക്രമ നമ്പർ 1,2 എന്നിവയിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങൾക്ക് നൽകിയ തുകകൾക്കുള്ള ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കുവാനുള്ള നടപടിൾ സ്വീകരിക്കേണ്ടതാണ്.

## 3-9 സാക്ഷരതാ പ്രേരകിന് അനുവദിച്ച ഹൊണറേറിയം -നൽകിയ തുക ക്രമീകരിച്ചിട്ടില്ല

വണ്ടാഴി ഗ്രാമപഞ്ചായത്തിലെ സാക്ഷരതാ പ്രേരക്മാർ ഗ്രാമ പഞ്ചായത്തിൽ സേവനമനുഷ്ഠിച്ച കാലയളവിൽ പ്രതിമാസത്തിൽ നൽകേണ്ട ആകെ തുകയായ 12,000/-രൂപ തനത് ഫണ്ടിൽ നിന്നുമാണ് നൽകിയിട്ടുള്ളത്. G.O.(Rt) 27/17/gen.edn. Dt 7.1.17 പ്രകാരം തുക തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകിയശേഷം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സഹിതം

അപേക്ഷിച്ചാൽ സാക്ഷരതാ മിഷൻ തുക തിരികെ നൽകും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. നാളിതുവരെ സാക്ഷരതാ മിഷനിൽ നിന്നും തുക തിരികെ ലഭിച്ചിട്ടില്ല. തുക തിരികെ ലഭ്യമാക്കി തനത് ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-10 ഒരേ ഗുണഭോക്താക്കൾക്ക് രണ്ടു തവണ തുക നൽകി - 55404 രൂപ നിരാകരിക്കുന്നു

സ്പിൽ ഓവർ പദ്ധതി 159/18 - നെൽകൃഷിക്ക് പ്രാരംഭ കൃഷിച്ചെലവിന് ധനസഹായം ( ജനറൽ )

അടങ്കൽ തുക - 1440000 (വികസഫണ്ട് - പൊതു)

40000 (ഗുണഭോക്തൃവിഹിതം)

ചെലവ് -1480000

പദ്ധതി സ്പിൽ ഓവർ ആകുന്നതിനിടയായ സാഹചര്യം

2016-17 സാമ്പത്തികവർഷം നെൽകർഷകർക്ക് നൽകുന്നതിനായി വകയിരുത്തിയ വികസനഫണ്ട് വിഹിതം പിൻവലിക്കുന്നതിനായി 7.03.17 ന് ബിൽ ട്രഷറിയിൽ സമർപ്പിച്ചെങ്കിലും ബിൽ തയ്യാറാക്കിയതിലെ സാങ്കേതിക പ്രശ്നങ്ങൾ കാരണം ട്രഷറിയിൽ ബിൽ തടസ്സപ്പെടുകയും പദ്ധതി സ്പിൽ ഓവർ ആകുകയും ചെയ്തു.

തൻവർഷം തുക പിൻവലിച്ചതിന്റെ വിവരങ്ങൾ

പദ്ധതിക്കായി ആകെ 1440000രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. 29 ബില്ലുകളിലായാണ് തുക പിൻവലിച്ചിരിക്കുന്നത്. ബില്ലുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ബിൽ നം / തീയതി | തുക |
|---|---|---|
| 1 | 1/24.10.17 | 17820 |
| 2 | 2/24.10.17 | 59760 |
| 3 | 3/24.10.17 | 55404 |
| 4 | 4/24.10.17 | 27576 |
| 5 | 7/17.11.17 | 55404 |
| 6 | 8/17.11.17 | 80425 |
| 7 | 9/17.11.17 | 91836 |
| 8 | 10/17.11.17 | 98280 |
| 9 | 11/17.11.17 | 49572 |
| 10 | 12/11.12.17 | 62568 |
| 11 | 13/11.12.17 | 64692 |
| 12 | 14/11.12.17 | 47038 |
| 13 | 15/11.12.17 | 32472 |

| | | |
|---|---|---|
| 14 | 16/11.01.18 | 69336 |
| 15 | 17/11.01.18 | 74016 |
| 16 | 18/11.01.18 | 31248 |
| 17 | 39/21.03.18 | 64476 |
| 18 | 40/21.03.18 | 129240 |
| 19 | 41/21.03.18 | 49896 |
| 20 | 42/21.03.18 | 66708 |
| 21 | 43/21.03.18 | 91656 |
| 22 | 44/21.03.18 | 37836 |
| 23 | 45/21.03.18 | 17028 |
| 24 | 46/21.03.18 | 13153 |
| 25 | 47/21.03.18 | 29052 |
| 26 | 48/21.03.18 | 10080 |
| 27 | 49/21.03.18 | 6156 |
| 28 | 51/27.03.18 | 5904 |
| 29 | 52/27.03.18 | 1368 |
| ആകെ | | 1440000 |

മേൽ പ്രകാരം പിൻവലിച്ച ബില്ലുകളിൽ ക്രമ നം 3, 5 എന്നിവയിലൂടെ മാറിയ തുകകൾ ഒരേ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് തന്നെ രണ്ടു തവണ കൈമാറി നൽകിയിട്ടുള്ളതായി കാണുന്നു. ആയതിനാൽ അധികം പിൻവലിച്ച 55404 രൂപ പദ്ധതി ഫണ്ടിന് നഷ്ടമുണ്ടായിട്ടുള്ളതിനാൽ ഓഡിറ്റിൽ നിരാകരിക്കുന്നു.

<u>നിർവ്വഹണോദ്യോഗസ്ഥന്റെ വിശദീകരണം</u>

വിശദവിവരങ്ങൾ കാണിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 10/16.02.19 ന് മറുപടി നൽകിയിട്ടില്ല. ഈ വിവരം ഓഡിറ്റ് സമയത്ത് കൃഷി ഓഫീസറോട് വാക്കാൽ അന്വേഷിച്ചപ്പോൾ ഇപ്രകാരം തുക അധികം നൽകിയ വിവരം കൃഷി ഓഫീസർ മനസ്സിലാക്കിയതായും ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നതായി പറയുന്നു. എന്നാൽ ഇതിന് തെളിവുരേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല.

24.10.17, 17.11.17 തീയതികളിൽ അക്കൗണ്ട് ട്രാൻസ്ഫർ നടന്നിട്ടുള്ളതിനാലും ഒരു വർഷത്തിലധികമായിട്ടും തുക തിരികെ ഈടാക്കി പദ്ധതി ഫണ്ടിൽ അടവാക്കുന്നതിന് കഴിഞ്ഞിട്ടില്ലാത്തതിനാലും അധികം നൽകിയ തുക 55404 രൂപ കെ.എഫ്.സി വാല്യം 1 ലെ ആർട്ടിക്കിൾ 303എ, സ.ഉ(പി)നം.282/13/ഫിൻ തിയതി 12-06-2013 എന്നിവ പ്രകാരം പലിശ സഹിതം നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി അടവാക്കേണ്ടതാണ്.

പദ്ധതിക്കായി ഏതെല്ലാം പാടശേഖരസമിതിയിൽ നിന്നും എത്ര ഗുണഭോക്താക്കളെ വീതം തെരഞ്ഞെടുത്തിട്ടുണ്ടെന്നും ഇവർ കൃഷി ചെയ്യുന്ന ഭൂമിയുടെ അളവ് ആനുപാതികമായി നൽകിയ തുകയുടെ വിവരം എന്നിവ പരിശോധനയ്ക്ക് നൽകിയിട്ടില്ല. ആയതിനാൽ ആകെ പിൻവലിച്ച

തുകയിൽ നിരാകരിച്ച തുക ഒഴികെ ബാക്കി 1384596 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 ലഭ്യമായ ഫണ്ട് വിനിയോഗിക്കുന്നതിന് കഴിഞ്ഞിട്ടില്ല,വിനിയോഗരേഖകൾ നൽകിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം 22/18

നെൽകൃഷിക്ക് പ്രാരംഭ ധനസഹായം

അടങ്കൽ- 3825000 (വി.ഫ-പൊതു)

1575000 (ബ്ലോക്ക് വിഹിതം)

2250000 (ജില്ലാവിഹിതം)

45000 (ഗു.വി)

ആകെ - 75,16,500

ഗ്രാമപഞ്ചായത്തിലെ 19 പാടശേഖരസമിതികളിലായി രജിസ്റ്റർ ചെയ്തിട്ടുള്ള 1328 നെൽകർഷകർക്ക് ഒരു സീസണിലെ നെൽകൃഷിക്ക് 17000 രൂപ വച്ച് ഉഴവുകൂലി ധനസഹായം നൽകുന്നതിനാണ് തുക വകയിരുത്തിയിരിക്കുന്നത്. കൃഷി ചെയ്യുന്ന ഭൂമിയുടെ അളവ് 429 ഹെക്ടർ ആയി നിശ്ചയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് വിഹിതമായി 8500 രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 3500 രൂപയും ജില്ലാപഞ്ചായത്ത് വിഹിതമായി 5000 രൂപയും നൽകുന്നതിനാണ് തുക വകയിരുത്തിയത്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ജോയിന്റ് വെൻചർ അക്കൗണ്ടിലേക്ക് 23.03.18 ന് ലഭ്യമായിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം 1501500 രൂപ ചെക്ക് നം 1580794/23.03.18 പ്രകാരവും ജില്ലാ പഞ്ചായത്ത് വിഹിതം 2145000 രൂപ ചെക്ക് നം 1580795 /23.03.18 പ്രകാരവും കൃഷി ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. 29.03.18 ന് കൃഷി ഓഫീസർ വരവ് വെച്ച ഈ തുകകളിൽ ചെലവഴിക്കാതെ അവശേഷിച്ച തുകകൾ 30.10.18 ന് കൃഷി ഓഫീസർ സർക്കാരിലേക്ക് തിരിച്ചടച്ചതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | ലഭ്യമായ തുക | വിനിയോഗിച്ച തുക | തിരിച്ചടച്ച തുക | ചലാൻ നം / തീയതി |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1501500 | 1406615 | 94885 | KL007678244/ 31.10.18 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2145000 | 2009450 | 135550 | KL007686184/ 31.10.18 |
| ആകെ | 3646500 | 3416065 | 230435 | |

2017-18 വർഷത്തിൽ ഉഴവുകൂലി ധനസഹായമായി 17000 രൂപ നൽകുന്നതിന് തുക വകയിരുത്തിയെങ്കിലും മുഴവൻ തുകയും വിതരണം ചെയ്യുന്നതിന് കഴിഞ്ഞിട്ടില്ല.

വിനിയോഗിച്ചതായി പറയുന്ന ബ്ലോക്ക്,ജില്ലാ വിഹിതങ്ങൾ തുക 3416065 രൂപ ചെലവഴിച്ചതിന്റെ യാതൊരു രേഖയും ഓഡിറ്റിന് നൽകിയിട്ടില്ല. വിശദവിവരങ്ങൾ കാണിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 10/16.02.19 ന് മറുപടിയും നൽകിയിട്ടില്ല. ആയതിനാൽ വ്യക്തവും വിശദവുമായ വിതരണരേഖകൾ ഹാജരാക്കുന്നതു വരെ 3416065 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 ഉല്പാദന മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ

ഒരു നിശ്ചിതകാലയളവിനുള്ളിൽ കാർഷികമേഖലയുടെ സ്വയംപര്യാപ്തതയും ഉല്പാദനമേഖലയുടെ സ്ഥായിയായ വികസനവുമാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യം. 2017-18 സാമ്പത്തികവർഷത്തിൽ ഗ്രാമപഞ്ചായത്ത് ഉല്പാദനമേഖലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ഈ ലക്ഷ്യം കൈവരിക്കുന്നതിന് പര്യാപ്തമാണോ എന്നു വിലയിരുത്തുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. ഇതിനായി സ്റ്റാറ്റസ്റിപ്പോർട്ട്, വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സുകൾ എന്നിവയും പ്രോജക്ട് രേഖകളും ചെലവ് രേഖകളും പരിശോധനാവിധേയമാക്കി.

കാർഷിക മേഖല

'കൃഷി, മണ്ണ്, ജലസംരക്ഷണം-അനുബന്ധ മേഖലകൾ' വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിൽ കാർഷിക മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ വിശകലനം ചെയ്തിട്ടുണ്ടെങ്കിലും ഈ പ്രശ്നങ്ങളുടെ പരിഹാരത്തിനായി പതിമൂന്നാം പദ്ധതിക്കാലയളവിൽ അനുവർത്തിക്കേണ്ട വികസന പദ്ധതികൾ ഏതെല്ലാമാണെന്നും കാർഷിക മേഖലയിൽ നേടിയെടുക്കേണ്ട വികസനലക്ഷ്യം എന്താണെന്നും നിശ്ചയിച്ചിട്ടില്ല. കഴിഞ്ഞ അഞ്ചുവർഷക്കാലയളവിലും ഒരേ തരത്തിലുള്ള പദ്ധതികളാണ് കാർഷികമേഖലയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ജലസ്രോതസ്സുകളുടെ നാശം, നെൽവയൽ പരിവർത്തനം, രാസകീടനാശിനി പ്രയോഗങ്ങൾ എന്നിവയാണ് ഈ മേഖലയിലെ പ്രധാന പ്രശ്നങ്ങളായി വിലയിരുത്തിയിട്ടുണ്ട്. എന്നാൽ നിർബന്ധമായും നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളൊഴിച്ച് മേൽ പ്രശ്നങ്ങളുടെ പരിഹാരത്തിനുതകുന്ന പ്രോജക്ടുകളൊന്നും രൂപീകരിച്ചിട്ടില്ല. എസ്.സി കുടുംബശ്രീകൾക്ക് നടീൽയന്ത്രം, പച്ചക്കറികൃഷിക്ക് ധനസഹായം, തുടങ്ങിയ വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ പ്രോജക്ടുകളാക്കിയിട്ടുണ്ടെങ്കിലും കുരുമുളക് കൃഷിക്ക് ധനസഹായം, കശുമാവ് കൃഷിക്ക് ധനസഹായം, പുഷ്പ കൃഷി, തരിശുഭൂമി കൃഷി എന്നീ നിർദ്ദേശങ്ങൾക്ക് തൻവർഷം പ്രോജക്ട് രൂപീകരിക്കുന്നതിന് കഴിഞ്ഞിട്ടില്ല.

രേഖകൾ ഹാജരാക്കുന്നതിന് കാലതാമസം

കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളുടെ ചെലവ് രേഖകൾ ഭാഗികമായി മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത് . എൻട്രി കോൺഫറൻസ് വേളയിലും ഫോൺ മുഖേനയും ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയില്ല. തുടർന്ന് ഓഡിറ്റ് അന്വേഷണം നം 10/16.02.19 പ്രകാരം 18.02.19 ന് മുമ്പായി രേഖകൾ നൽകുന്നതിന് ആവശ്യപ്പെട്ടെങ്കിലും 20.02.19 ന് ഓഡിറ്റ് അവസാനിക്കുന്ന ദിവസം 11 മണിക്ക് മാത്രമാണ് കുറച്ച് രേഖകൾ കൂടി എത്തിച്ചത്. ആയതിനാൽ തന്നെ ലഭ്യമാക്കിയ രേഖകളുടെ അടിസ്ഥാനത്തിൽ മാത്രമാണ് ഓഡിറ്റ് നിഗമനങ്ങൾ ചേർത്തിരിക്കുന്നത്.

നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ

| ക്രമ നം | പ്രോജക്ട് | അടങ്കൽ | ചെലവ് | റിമാർക്സ് |
|---|---|---|---|---|
| 1 | 22/18, നെൽകൃഷിക്ക് പ്രാരംഭകൃഷി ച്ചെലവ് ധനസഹായം (ജനറൽ) | 7516500 | 3458965 | ആകെ 19 പാടശേഖര സമിതികളിലായുള്ള 1328 കർഷകർക്ക് 17000 രൂപ ധനസഹായം നൽകുന്നതിനായിട്ടാണ് പദ്ധതി രൂപീകരിച്ചതെങ്കിലും ഗ്രാമപഞ്ചായത്ത് വിഹിതം തുക നൽകുന്നതിനു മാത്രമേ കഴിഞ്ഞിട്ടുള്ളൂ. ബ്ലോക്ക് ജില്ലാ വിഹിതങ്ങളായി ലഭ്യമായ 3646500/- രൂപ 2017-18ൽ ചെലവഴിച്ചതായി രേഖകൾ ലഭിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് വിഹിതവും ഗുണഭോക്തൃവിഹിതവും ഉൾപ്പെടെ 3458965/- രൂപ മാത്രമാണ് ചെലവുള്ളത്. |
| 2 | 159/18(സ്പിൽ ഓവർ) നെൽകൃഷിക്ക് പ്രാരംഭകൃഷി ച്ചെലവ് ധന സഹായം (ജനറൽ) | 1480000 | 1480000 | 2016-17 സാം മ്പത്തിക വർഷത്തിൽ കർഷകർക്ക് വിതരണം ചെയ്യാൻ കഴിയാത്ത തുക ഈ വർഷം വിതരണം ചെയ്തു. എന്നാൽ ഒരേ കർഷകർക്ക് തന്നെ രണ്ടു തവണ തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ പ്രത്യേക ഖണ്ഡികയായി ചേർത്തിരിക്കുന്നു. |
| 3 | 31/18, വീട്ടുവളപ്പിൽ ജൈവപച്ചക്കറി കൃഷി | 42500 | 42500 | വി.എഫ്.പി.സി.കെ ആലത്തൂരിൽ നിന്നും 42500 രൂപയുടെ പച്ചക്കറിവിത്തുകൾ വാങ്ങി ഏതാനും പേർക്ക് വിതരണം ചെയ്തിട്ടുണ്ട്. പ്രോജക്ടിനായി അംഗീകൃത ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. |
| 4 | 32/18, നെൽവിത്തിന് ധനസഹായം | 369000 | 45000 | 1328 കർഷകർ നിലവിലുണ്ടെങ്കിലും വളരെ കുറഞ്ഞ തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. |
| 5 | 264/18, എസ്.സി കുടുംബശ്രീ യൂണിറ്റിന് നടീൽ യന്ത്രം | 300000 | 263879 | പ്രത്യേക പരാമർശമില്ല |

സ്പിൽ ഓവർ പദ്ധതിയായ നെൽകൃഷിക്ക് പ്രാരംഭകൃഷിച്ചെലവ് ധനസഹായം (എസ്.സി.പി), പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് എന്നീ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനും കഴിഞ്ഞിട്ടില്ല.

<u>മൃഗസംരക്ഷണ മേഖല</u>

മൃഗസംരക്ഷണ മേഖലയിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ച് കൊണ്ട് 6 പ്രോജക്ടുകൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും 3 എണ്ണം മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. നടപ്പിലാക്കിയ പ്രോജക്ടുകൾ ഉദ്ദേശ്യലക്ഷ്യം കൈവരിച്ചിട്ടുമില്ല. ഓഡിറ്റ് അന്വേഷണം മുഖേന ഈ വിവരം നിർവ്വഹണോദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമാക്കിയ മറുപടിയിൽ നിന്നും ഗുണഭോക്തൃവിഹിതം ഘടകമായുള്ള പദ്ധതികളിൽ ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതം അടവാക്കുന്നതിന് തയ്യാറാകാത്തതാണ് പദ്ധതികൾ നടപ്പിലാക്കാൻ കഴിയാത്തതിനുള്ള പ്രധാന കാരണമെന്ന് മനസ്സിലാകുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു. (ഓഡിറ്റ് അന്വേഷണം നം 20/20.02.19)

| പ്രോജക്ട് | അടങ്കൽ | ചെലവ് | നടപ്പിലാക്കാത്തതിന്/ ഭാഗികമായി നടപ്പിലാക്കിയതിന് കാരണം |
|---|---|---|---|
| 162/18, വനിതകൾക്ക് ആട് വളർത്തൽ (എസ്.സി) | 777000 | 0 | ഗുണഭോക്തൃ വിഹിതം നൽകുന്നതിന് ആരും തയ്യാറായില്ല |
| 224/18, വനിതകൾക്ക് മുട്ടക്കോഴി വിതരണം (എസ്.സി) | 66000 | 0 | ഗുണഭോക്തൃവിഹിതം നൽകുന്നതിന് ആരും തയ്യാറായില്ല |
| 161/18, വനിതകൾക്ക് കറവപ്പശു വിതരണം | 1190000 | 150000 | 37 പേരെ ഉദ്ദേശിച്ച് പ്രോജക്ട് തയ്യാറാക്കിയെങ്കിലും 5 ഗുണഭോക്താക്കൾ മാത്രമാണ് ഗുണഭോക്തൃവിഹിതം അടവാക്കിയത് |
| 163/18, വിധവകൾക്ക് കറവപ്പശു വിതരണം (ജനറൽ) | 390000 | 150000 | 11 പേരെ ഉദ്ദേശിച്ച് പ്രോജക്ട് തയ്യാറാക്കിയെങ്കിലും 5 ഗുണഭോക്താക്കൾ മാത്രമാണ് ഗുണഭോക്തൃവിഹിതം അടവാക്കിയത് |

മേൽ പ്രോജക്ടുകൾ കൂടാതെ കന്നുകുട്ടിപരിപാലനം പദ്ധതിക്കായി 625000 രൂപ വകയിരുത്തിയെങ്കിലും നടപ്പിലാക്കിയിട്ടില്ല. സംസ്ഥാനാവിഷ്കൃത ഫണ്ട് ലഭ്യമല്ലാത്തതിനാലാണ് പ്രോജക്ട് നടപ്പിലാക്കാൻ കഴിയാത്തത് എന്നാണ് വെറ്ററിനറി സർജ്ജൻ മറുപടി നൽകിയിരിക്കുന്നത്. ഈ വിവരം രേഖാമൂലം ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുള്ളതാണെന്നും നിർവ്വഹണോദ്യാഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്.

പദ്ധതി മാർഗ്ഗരേഖ പ്രകാരം സംസ്ഥാനാവിഷ്കൃതവിഹിതം ലഭ്യമല്ലാത്ത സാഹചര്യത്തിൽ തനത് ഫണ്ട് വകയിരുത്താവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ പദ്ധതി ഉപേക്ഷിക്കുകയാണ് ഉണ്ടായത്.

ലഭ്യമായ ഫണ്ടുകൾ ഫലപ്രദമായി ഉപയോഗിക്കുന്നതിനും നെൽകർഷകർക്കാവശ്യമായ പ്രോത്സാഹനം നൽകുന്നതിനും കാർഷികമേഖലയിലെ പൊതുവായ വികസനം സാധ്യമാക്കുന്നതിനും ഉതകുന്ന പ്രവർത്തനം നടത്തിയിട്ടില്ല എന്നു ഓഡിറ്റ് വിലയിരുത്തുന്നു. കൂടാതെ മൃഗസംരക്ഷണമേഖലയിലും ആവിഷ്കരിച്ച പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് കഴിഞ്ഞിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. കൃഷിഭവന്റെ ഭൗതിക സാഹചര്യങ്ങളോ മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയോ ഈ പ്രശ്നങ്ങൾക്ക് കാരണമാണെങ്കിൽ ഉത്തരവാദപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി പ്രശ്നപരിഹാരം കാണേണ്ടതാണെന്നും അഭിപ്രായപ്പെടുന്നു. കൃഷി ഓഫീസിന്റെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ ഏറ്റെടുക്കേണ്ടതാണ്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അതു വഴി സേവനപ്രദാനസൗകര്യങ്ങൾ കൂടുതൽ ഗുണമേന്മയുള്ളതാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.
2. ഗുണഭോക്തൃതെരഞ്ഞെടുപ്പിന്റെ ആദ്യഘട്ടത്തിൽ തന്നെ ഗുണഭോക്തൃവിഹിതം ഘടകമായുള്ള കാര്യം ബോധ്യപ്പെടുത്തേണ്ടതും അടവാക്കാൻ തയ്യാറുള്ള ഗുണഭോക്താക്കളെ കണ്ടെത്തേണ്ടതുമാണ്. പ്രോജക്ടുകൾ രൂപീകരിക്കുന്നതിനോടൊപ്പം തന്നെ ഫണ്ട് ലഭ്യതയും ഉറപ്പാക്കേണ്ടതാണ്.
3. പരിസ്ഥിതി സുരക്ഷയോടൊപ്പം നിശ്ചിത കാലയളവിനുള്ളിൽ കാർഷികമേഖലയിലെ സ്വയംപര്യാപ്തത എന്ന ലക്ഷ്യത്തോടെ ദീർഘവീക്ഷണത്തോടെ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ഫലപ്രദമായി നടപ്പിലാക്കുന്നതിനും ഭരണ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. ഹരിത കേരള മിഷൻ തൊഴിലുറപ്പ് പദ്ധതി എന്നിവയുമായി സംയോജിപ്പിച്ച് കൊണ്ട് നീർത്തടപരിപാലന സമീപനത്തോടു കൂടിയാവണം കാർഷിക മേഖലയിലെ പദ്ധതികൾ.
4. മൃഗസംരക്ഷണ മേഖലയിൽ പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനത്തിലെ സ്വയം പര്യാപ്തതയും ലക്ഷ്യമിട്ടു കൊണ്ട് വരും വർഷങ്ങളിൽ പ്രോജക്ടുകൾ രൂപീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
5. തരിശായിക്കിടക്കുന്ന നെൽവയലുകളുടെ വിവരം തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം രൂപീകരിച്ചിട്ടുള്ള പ്രാദേശിക നിരീക്ഷണ സമിതിയുടെ ശ്രദ്ധയിൽക്കൊണ്ടു വരേണ്ടതും തരിശുഭൂമിയിൽ പാട്ടക്കൃഷി ചെയ്യുന്നതിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതുമാണ്. മണ്ണും ജലവും ജൈവ സമ്പത്തും സംരക്ഷിക്കുന്നതിനോടൊപ്പം ഗ്രാമപഞ്ചായത്തിലെ കൃഷിയോഗ്യമായ പുരയിടങ്ങളും തരിശുനിലങ്ങളും മാലിന്യരഹിതമാക്കാനും കാർഷികാഭിമുഖ്യമുള്ള ഒരു സമൂഹം രൂപപ്പെടുത്താനുമായി തദ്ദേശഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ഭൂവുടമകളുമായി ചർച്ച ചെയ്ത് നാമമാത്രമായ പാട്ടം നിശ്ചയിച്ച് വ്യവസ്ഥകൾ തയ്യാറാക്കേണ്ടതാണ്. ഭൂഉടമ കൃഷി ചെയ്യാൻ അനുവദിക്കുന്നത് തദ്ദേശഭരണസ്ഥാപനത്തിനെ ആയിരിക്കണം.

# 3-13 ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ്-ആവശ്യമായ തുക

## വകയിരുത്താതെ പ്രോജക്ട് ആവിഷ്കരിച്ചു

പ്രോജക്ട് നം.- 41/18 (ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്)

അടങ്കൽ -383333

ചെലവ് - 318500

നിർവ്വഹണോദ്യോഗസ്ഥ- പ്രധാനാധ്യാപിക

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന 48 വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് നൽകിയിരിക്കുന്നത്. ഇതിൽ 33 പേർ മാനസികവൈകല്യമുള്ളവരും സെറിബ്രൽ പാൾസി രോഗബാധിതരുമാണ്. എല്ലാവരും സ്പെഷൽ സ്കൂളിലോ നോർമ്മൽ സ്കൂളിലോ പഠിക്കുന്ന വിദ്യാർത്ഥികളാണ്. മറ്റുള്ളവർ കാഴ്ചയ്ക്കും കേൾവിക്കും ചലനത്തിനും ഗുരുതരമായ പ്രശ്നങ്ങൾ നേരിടുന്നവരാണ്. സ്കോളർഷിപ്പ് നൽകുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് വിഹിതം അടക്കം 383333 രൂപ വകയിരുത്തിയതിൽ 318500 രൂപ മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. ശരാശരി 6500രൂപ മാത്രം സ്കോളർഷിപ്പായി നൽകുന്നതിനേ കഴിഞ്ഞിട്ടുള്ളൂ.

പതിമൂന്നാം പഞ്ചവത്സരപദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം സ്പെഷൽ സ്കൂളുകളിലോ നോർമൽ സ്കൂളുകളിലോ പഠിക്കുന്ന മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പിനു പുറമെ പ്രതിമാസയാത്രാബത്ത, പഠനസാമഗ്രികൾക്കുള്ള വാർഷികബത്ത, പഠനയാത്രക്കായുള്ള വാർഷിക ബത്ത എന്നിവയടക്കം പരമാവധി 28500 രൂപ വരെ നൽകാവുന്നതാണ്. സ്കോളർഷിപ്പ് തുക അതത് മാസം തന്നെ ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. ശാരീരിക പ്രയാസങ്ങൾ ഉള്ളവർക്കും അവർ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച് അർഹമായ തുക സ്കോളർഷിപ്പായി നൽകാവുന്നതാണ്. ഈ വിഷയം ഓഡിറ്റ് അന്വേഷണം നം 2/ 14.02.18 പ്രകാരം നിർവ്വഹണോദ്യോഗസ്ഥയെ അറിയിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ മാർഗ്ഗരേഖ അനുസരിച്ചുള്ള മുഴുവൻ തുകയും നൽകുന്നതാണെന്ന് മറുപടിയായി അറിയിച്ചിട്ടുണ്ട്.

വരും വർഷങ്ങളിൽ ഭിന്നശേഷിക്കാർക്ക് അർഹമായ മുഴുവൻ തുകയും വകയിരുത്തി പ്രോജക്ട് രൂപീകരിക്കേണ്ടതിലേക്കും അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിലേക്കും സാമൂഹ്യനീതി ഉറപ്പു വരുത്തുന്നതിലേക്കും ഭരണനിർവ്വഹണാധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ഗ്രാമപഞ്ചായത്തിലെ ഭിന്നശേഷിക്കാരായ എല്ലാ പ്രായത്തിലുമുള്ള വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെ ഒരു സംയുക്തയോഗം വിളിച്ചു ചേർക്കേണ്ടതും അവകാശങ്ങളെക്കുറിച്ച് ബോധവത്കരണം നടത്തേണ്ടതുമാണ്.
2. ഭിന്നശേഷിക്കാരായവരുടെ ഡാറ്റാബേസ് സൂക്ഷിക്കുന്നതിനും സ്വീകരിക്കുന്നതിനും വേണ്ട നടപടികൾ സാമൂഹ്യനീതിവകുപ്പുമായി ചേർന്ന് ഗ്രാമപഞ്ചായത്തിന് സ്വീകരിക്കാവുന്നതാണ്.
3. കാഴ്ചക്കുറവ് കേൾവിക്കുറവ് എന്നിവ മൂലം ബുദ്ധിമുട്ടനുഭവിക്കുന്നവർക്കാവശ്യമായ സഹായ ഉപകരണങ്ങൾ നൽകുന്ന പ്രോജക്ട് തയ്യാറാക്കാവുന്നതാണ്.
4. ഒരു ഗ്രാമപഞ്ചയാത്ത് പരിധിയിൽ തന്നെ അമ്പതോളം വിദ്യാർത്ഥികൾ ഭിന്നശേഷിക്കാരായുണ്ട്. മാനസികവൈകല്യമുള്ള വിദ്യാർത്ഥികളിൽ കുറച്ചു പേർ 40

കിലോമീറ്ററിൽ അധികം യാത്രചെയ്ത് സ്പെഷൽ സ്കൂളുകളിൽ പോകുന്നവരാണ്. 29.07.2009 ലെ ജി.ഒ (എം.എസ്) നം 148/2009 /ത.സ്വ.ഭ.വ ഉത്തരവിലെ നിബന്ധനകൾ പാലിച്ചു കൊണ്ട് ഇവരുടെ പുനരധിവാസത്തിനായി ബഡ്സ് സ്കൂളുകൾ ആരംഭിക്കാവുന്നതാണ്.

## 3-14 ഒരേ ഇനം ടെണ്ടറുകൾക്ക് വ്യത്യസ്ത നിരക്കുകൾ അംഗീകരിച്ച നടപടി ക്രമപ്രകാരമല്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി ഭിന്നശേഷിക്കാർക്ക് പെട്ടിക്കട വാങ്ങി നൽകുന്ന പ്രോജക്ട് ജനറൽ വിഭാഗത്തിലും എസ്.സി വിഭാഗത്തിലും നടപ്പിലാക്കിയിട്ടുണ്ട്. ഒരേ തരത്തിലുള്ള ആനുകൂല്യം വിതരണം ചെയ്യുന്നതിനുദ്ദേശിച്ച് രൂപീകരിച്ച രണ്ട് പ്രോജക്ടുകൾക്കും രണ്ട് തരത്തിലുള്ള ടെണ്ടർ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1) പ്രോജക്ട് നം-42

ഭിന്നശേഷിക്കാർക്ക് പെട്ടിക്കട (ജനറൽ)

അടങ്കൽ - 450000

ഗുണഭോക്താക്കളുടെ എണ്ണം -9

ചെലവ് -269100 (ബിൽ നം 27/26.03.18)

മറ്റ് വിവരങ്ങൾ

| ടെണ്ടറിൽ ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ | ലഭ്യമാക്കിയ ടെണ്ടറിലെ സ്പെസിഫിക്കേഷൻ | ടെണ്ടർ ഉറപ്പിച്ചു നൽകിയിരിക്കുന്ന സ്ഥാപനം | യൂണിറ്റ് നിരക്ക് |
|---|---|---|---|
| 4*5*6 നീളം വീതി ഉയരം ഉള്ളതും outer frame 1 1/4*1/4 , angle frame 1*1 1/4 | 4*4*6 നീളം വീതി ഉയരം ഉള്ളതും outer frame 1 1/4*1/4 , angle frame 1*1 1/4 | ശ്രീകൃഷ്ണ ഇൻഡസ്ട്രീസ്, മുടപ്പല്ലൂർ | 29850 |

2)പ്രോജക്ട് നം-43,

ഭിന്നശേഷിക്കാർക്ക് പെട്ടിക്കട (എസ്.സി)

അടങ്കൽ - 250000

ഗുണഭോക്താക്കളുടെ എണ്ണം -5

ചെലവ് -245250 (ബിൽ നം 28/26.03.18)

മറ്റ് വിവരങ്ങൾ

| ടെണ്ടറിൽ ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ | ലഭ്യമാക്കിയ ടെണ്ടറിലെ സ്പെസിഫിക്കേഷൻ | ടെണ്ടർ ഉറപ്പിച്ച നൽകിയ സ്ഥാപനം | യൂണിറ്റ് നിരക്ക് |
|---|---|---|---|
| 4*4*6 നീളം വീതി ഉയരം ഉള്ളതും outer frame 1 1/4*1/4 , angle frame 1*1 1/4 | 4*5*6 നീളം വീതി ഉയരം ഉള്ളതും outer frame 1 1/4*1/4, angle frame 1*1 1/4 | ശ്രീകൃഷ്ണ ഇൻഡസ്ട്രീസ്, മൂടപ്പല്ലൂർ | 49050 |

രണ്ട് പ്രോജക്ടുകൾക്കും ഒരേ സ്ഥാപനത്തിന്റെ രണ്ട് വ്യത്യസ്ത നിരക്കുകളിലുള്ള ടെണ്ടറുകളാണ് പർച്ചേസ് കമ്മിറ്റി അംഗീകരിച്ചിരിക്കുന്നത്. ഗ്രാമപഞ്ചായത്തിലെ ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് സ്വയം തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനാണ് പ്രോജക്ടിൽ ലക്ഷ്യമിടുന്നത്. ഒരേ സ്വഭാവമുള്ള വാങ്ങലുകൾക്ക് രണ്ട് ടെണ്ടർ നടപടികൾ പാലിക്കേണ്ടതില്ല. ജനറൽ വിഭാഗത്തിന് 29850 രൂപയുടെ ടെണ്ടറും എസ്.സി വിഭാഗത്തിന് 49050 രൂപയും യൂണിറ്റ് നിരക്കിലാണ് പെട്ടിക്കട വാങ്ങിയിരിക്കുന്നത്. നിരക്കുകളിൽ 19200 രൂപയുടെ വ്യത്യാസമുണ്ട്. ഈ വിഷയം ഓഡിറ്റ് അന്വേഷണം നം 13 / 19.02.19 മുഖേന നിർവ്വഹണോദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ ശ്രദ്ധയിൽപ്പെടുത്തി. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എസ്.സി വിഭാഗക്കാർക്ക് ഗുണനിലവാരം കൂടുതലുള്ള പെട്ടിക്കട ലഭ്യമാക്കുന്നതിന് ശ്രമിച്ചതായാണ് മറുപടിയിൽ അറിയിച്ചത്.

ഒരേ തരത്തിലുള്ള പ്രശ്നങ്ങൾ അനുഭവിക്കുന്ന ഭിന്നശേഷിക്കാരായ ജനങ്ങളെ ജനറൽ, എസ്.സി വിഭാഗങ്ങളായി തിരിച്ച് അവർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങളുടെ ഗുണനിലവാരത്തിൽ ഏറ്റക്കുറച്ചിലുകൾ വരുത്തുന്നത് യുക്തിസഹമല്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

ശ്രീകൃഷ്ണ ഇൻഡസ്ട്രീസിന്റെ ജനറൽ വിഭാഗത്തിൽ നൽകിയ ബില്ലിൽ 29900 രൂപ നിരക്കിലാണ് 9 പെട്ടിക്കടകൾ വിതരണം ചെയ്തിരിക്കുന്നത്. ടെണ്ടർ ഉറപ്പിച്ച നൽകിയിരിക്കുന്നത് 29850 രൂപ നിരക്കിലാണ്. അധികമായി നൽകിയ 450 രൂപ (50x9) നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നും ഈടാക്കി പദ്ധതിഫണ്ടിൽ അടവാക്കേണ്ടതാണ്.

## **3-15** <u>ജാഗ്രതാസമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല</u>

സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ ഉണ്ടാകുന്ന അതിക്രമങ്ങൾ, സ്വാതന്ത്ര്യനിഷേധം, അവകാശ ലംഘനം, എന്നിവയിൽ ഇടപെട്ട് പരിഹരിക്കുന്നതിനും അത്തരത്തിൽ പ്രശ്നങ്ങൾ ഉണ്ടാകാത്ത തരത്തിലുള്ള സാമൂഹികസൃഷ്ടിക്കും വേണ്ടി പ്രവർത്തിക്കാൻ ലക്ഷ്യം വച്ച് കൊണ്ട് വനിതാകമ്മീഷന്റെ പ്രാദേശിക തലത്തിലുള്ള ഔദ്യോഗിക സംവിധാനം എന്ന നിലയിൽ രൂപീകരിച്ചതാണ് ജാഗ്രതാസമിതികൾ. ആയതിനാൽത്തന്നെ ജാഗ്രതാസമിതികളുടെ പ്രവർത്തനം വളരെ ഗൗരവത്തിൽ കൃത്യതയോടെ നടത്തേണ്ട പ്രക്രിയയാണ്.

ഗ്രാമപഞ്ചായത്തിൽ തൻവർഷം ജാഗ്രതാസമിതിയുടെ പ്രവർത്തനത്തിനായി തനത് ഫണ്ടിൽ നിന്നും 20000 രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും തുക ചെലവഴിച്ചിട്ടില്ല. 2017-18 ൽ

ജാഗ്രതാസമിതി യോഗം ചേർന്നിട്ടില്ല. ഈ വിഷയം ഓഡിറ്റ് അന്വേഷണം നം 13 / 19.02.19മുഖേന നിർവ്വഹണോദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ ശ്രദ്ധയിൽപ്പെടുത്തി. പരാതികൾ ഒന്നും ഇല്ലാത്തതിനാലാണ് തുക ചെലവഴിക്കാതിരുന്നത് എന്നാണ് നിർവ്വഹണോദ്യോഗസ്ഥ മറുപടി നൽകിയിരിക്കുന്നത്.

ജാഗ്രതാസമിതിയുടെ പ്രവർത്തനം സാമൂഹ്യനീതിവകുപ്പിന്റെ മാർഗ്ഗരേഖ സ.ഉ.(എം.എസ്) നം.31/2007 ലെയും പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെയും നിർദ്ദേശങ്ങൾക്കനുസൃതമായി വിദ്യാർത്ഥിനികളുടെയും വനിതകളുടെയും സുരക്ഷയ്ക്കും പരാതി പരിഹാരത്തിനും കൗൺസിലിംഗിനും സഹായകമായ വിധത്തിൽ നടപ്പിലാക്കുന്നതിന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും അടിയന്തിരശ്രദ്ധ ആവശ്യപ്പെടുന്നു.

## 3-16 പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ആവശ്യമായ സ്ഥിരീകരണ പത്രം വാങ്ങി സൂക്ഷിച്ചിട്ടില്ല

പ്രൊജക്റ്റ് നം. SO112/18 എന്ന പ്രൊജക്റ്റിന് 600,000/- രൂപ അടങ്കലായി വകയിരുത്തി എസി.സി യുവാക്കൾക്ക് സ്വയം തൊഴിലിന് ടൂ വില്ലർ എന്ന പദ്ധതിക്ക് അസിസ്റ്റന്റ് സെക്രട്ടറി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. അടങ്കലിന്റെ വിശദാംശങ്ങൾ.

| | |
|---|---|
| വികസന ഫണ്ട്(എസ്.സി.പി.) | 2,00,000/- |
| ജില്ലാ പഞ്ചായത്ത് | 4,00,000/- |
| ആകെ | 6,00,000/- |

ചെലവിന്റെ വിശദാംശങ്ങൾ :

| ബിൽ നം./തീയ്യതി | ചെലവ് |
|---|---|
| 9/17-18/12/02/2018 | 1,55,962/- |

3.04.2017 ലെ ജി.ഒ.(എം.എസ്.)നം.80/2017 ത.സ്വ.ഭ.വ യിലെ സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരം മേൽ സൂചിത പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് തെരഞ്ഞെടുത്ത ഗുണഭോക്താക്കൾ നിലവിൽ ഇരു ചക്ര, നാല് ചക്ര വാഹനം സ്വന്തമായ വ്യക്തികളായിരിക്കരുതെന്ന് നിഷ്കർഷിക്കുന്നു. പ്രസ്തുത സ്ഥിരീകരണ പത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല.ആയതിന് രേഖാമൂലമുള്ള വിശദീകരണം 16.2.2019ലെ അന്വേഷണം നം. 6 മുഖേന ആവശ്യപ്പെട്ടിരുന്നു.നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടിയിൽ ബന്ധപ്പെട്ട ആധികാരിക തലങ്ങളിൽ നിന്നും പ്രസ്തുത സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സ്ഥിരീകരണപത്രം ഓഡിറ്റിന് സമർപ്പിക്കുവാനുള്ള തുടർ നടപടികൾ സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്.

## 3-17 നോൺ അവൈലബലിറ്റി സർട്ടിഫിക്കറ്റ് ഡി.എം.ഓ.യിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

ഹോമിയോ ഡോക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായി മെയിന്റനൻസ് ഫണ്ടിൽ നിന്നും 3,00,000/- രൂപ അടങ്കലായി വകയിരുത്തി SO244/18 എന്ന പ്രൊജക്റ്റിനായി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ :

| ബിൽ നം. /തിയതി | ചെലവ് |
|---|---|
| 13/18/20/10/2017 | 3,00,000/- |

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ബോട്ടിൽ വാങ്ങുവാനായി ആലപ്പുഴയിലെ ഹോംകോയിലേക്ക് തുക നൽകുന്നതിന് മുമ്പായി ഡി.എം.ഓ.യിൽ നിന്നും നോൺ അവൈലബലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. ആയതിന് 16.02.2019 ന് അന്വേഷണ നം 7 മുഖേന വിശദീകരണം ആവശ്യപ്പെട്ടിരുന്നു.പ്രസ്തുത സർട്ടിഫിക്കറ്റ് ലഭ്യമാക്കുവാനായി 12.10.2017 ന് ഡി.എം.ഓ.യിലേക്ക് അപേക്ഷിച്ചിരുന്നുവെന്നും, കൈപ്പറ്റിയ ഉടൻ ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. ആയതിനുള്ള തുടർ നടപടികൾ സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്.

## 3-18 തൊഴിലുറപ്പ് പദ്ധതി - അവലോകനം

പദ്ധതി ലക്ഷ്യം

ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തെ അവിദഗ്ധ തൊഴിൽ ദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജനവിഭാഗങ്ങൾക്കായി ഈടുറ്റതും ഗുണമേന്മയുള്ളതും ഉല്പാദനക്ഷമവുമായ ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം

പ്രവൃത്തികൾ

2017-18 വർഷത്തിൽ 1911 പ്രവൃത്തികൾ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും, ആകെ 120 പ്രവൃത്തികൾ മാത്രമാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. ചെയ്ത പ്രവൃത്തികളുടെ എണ്ണവും തരവും താഴെ ചേർക്കുന്നു.

| പ്രവൃത്തികളുടെ തരം | എണ്ണം |
|---|---|
| ഡ്രൈനേജ് | 0 |
| തോടുകൾ | 6 |
| കിണർ | 15 |
| കനാൽ | 6 |
| തടയണ | 0 |

| | |
|---|---|
| ഭൂവികസനം | 35 |
| ഭവന നിർമ്മാണം | 41 |
| റോഡ് നിർമ്മാണം | 3 |
| കക്കൂസ് നിർമ്മാണം | 7 |
| കല്ല് കയ്യാല | 1 |
| കുളങ്ങൾ | 6 |
| ആകെ | 120 |

ഓഡിറ്റ് നിരീക്ഷണങ്ങൾ

ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിരുന്ന പ്രവൃത്തികളിൽ ആകെ 10 ശതമാനത്തിൽ താഴെ മാത്രമാണ് ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയിട്ടുള്ളത്. ഭവന നിർമ്മാണങ്ങൾ, ഭൂവികസനം എന്നിവയാണ് പ്രധാനമായും നടപ്പിലാക്കിയിട്ടുള്ളത്. ജലസുരക്ഷ-കിണർ റീചാർജിംഗ് പ്രവൃത്തികളൊന്നും തന്നെ നിർവ്വഹണം നടത്തിയിട്ടില്ല. 2017-18 വർഷത്തിൽ തൊഴിലിന് അപേക്ഷിച്ചിരുന്ന 1610 പേരിൽ 31 പേരാണ് 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുള്ളത്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. കാർഷിക പദ്ധതികൾ തൊഴിലുറപ്പ് പദ്ധതിയുമായി പരമാവധി സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിനുള്ള സാദ്ധ്യത ഉപയോഗപ്പെടുത്തേണ്ടതാണ്
2. തൊടികളിലും പൊതുസ്ഥലങ്ങളിലും മഴവെള്ളം ഭൂമിയിലേയ്ക്ക് കിനിഞ്ഞിറങ്ങുന്നതിന് മഴക്കുഴികളും, കിണർ റീചാർജിംഗും സമാനമായ നിർമ്മിതികളും ഒരുക്കുന്നതിന് തൊഴിലുറപ്പ പദ്ധതി പരമാവധി പ്രയോജനപ്പെടുത്താവുന്നതാണ്.
3. മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ, പരിസ്ഥിതി സംരക്ഷണ പ്രവൃത്തികൾ, വനവൽക്കരണ പ്രവൃത്തികൾ എന്നിവ സാധ്യതയ്ക്ക് അനുസരിച്ച് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്താവുന്നതാണ്.
4. വാർഷിക കർമ്മ പദ്ധതിയും ലേബർബഡ്ജറ്റും തയ്യാറാക്കുന്നതിനായി കുടുംബശ്രീ അയൽക്കൂട്ടതലചർച്ച, കൂടൽ എന്നീ നടപടിക്രമങ്ങൾ കാര്യക്ഷമമാക്കി ആവശ്യകതയ്ക്ക് അനുയസൃതമായി എല്ലാ വിഭാഗങ്ങളിലുള്ള പ്രവൃത്തികളും ഏറ്റെടുക്കേണ്ടതാണ്.
5. തൊഴിലാളികൾക്ക് പരമാവധി തൊഴിൽ ദിനങ്ങൾ ഉറപ്പാക്കുന്നതിനും, കാലോചിതമായി പ്രവൃത്തികൾ നടപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം.22, തിയ്യതി – 20-2-2019

## ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് | മുന്നിരിപ്പ് | തൻവർഷം ലഭിച്ച തുക | ആകെ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | അങ്കണവാടി കെട്ടിട നിർമ്മാണം | 1000000 | 0 | 1000000 | 1000000 | 0 |
| | സൗരവിളക്ക് വാങ്ങൽ | 348000 | 0 | 348000 | 348000 | 0 |
| | നെൽകർഷകർക്ക് ഉഴവുകൂലി സബ്സിഡി നൽകൽ | 398277 | 1501500 | 1899777 | 1861500 | 38277 |
| | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 0 | 181500 | 181500 | 181500 | 0 |
| | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 0 | 83333 | 83333 | 18500 | 64833 |
| ആകെ | | 1746277 | 1766333 | 3512610 | 3409500 | 103110 |
| ജില്ലാ പഞ്ചായത്ത് | നെൽകർഷകർക്ക് ഉഴവുകൂലി നൽകൽ | 663795 | 2145000 | 2808795 | 2745000 | 63795 |
| | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 0 | 100000 | 100000 | 100000 | 0 |
| ആകെ | | 663795 | 2245000 | 2908795 | 2845000 | 63795 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കൽ | 21701001/24.11.18 | 808200 | 922000 | 10080 |
| | | 21701002/24.11.18 | 10080 | | |
| | | 21701010/ 18.12.2018 | 53100 | | |
| | | 21701012/ 18.10.2018 | 60700 | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ ചെലവില്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഒന്നുമില്ല

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 301000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 301000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 301000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|

| | (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്....) | | | | |
|---|---|---|---|---|---|
| 1 | പാലക്കാട് ചെറുകിട ഹൈഡ്രോ ഇലക്ട്രിക് കോർപ്പറേറ്റീവ് ലിമിറ്റഡ് | 28.04.200 | 10 രൂപയുടെ 10000 എണ്ണം ഷെയറുകൾ | 100000 | |
| 2 | മലബാർ സ്പിന്നിംഗ് മിൽ | 1.12.76 | 10 രൂപയുടെ 100 എണ്ണം ഷെയറുകൾ | 1000 | |
| 3 | പാലക്കാട് ചെറുകിട ഹൈഡ്രോ ഇലക്ട്രിക് കോർപ്പറേറ്റീവ് ലിമിറ്റഡ് | 13.06.2008 | 10 രൂപയുടെ 20000 എണ്ണം ഷെയറുകൾ | 200000 | |
| ആകെ | | | | 301000 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1470 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തീയതി |
|---|---|---|---|---|
| 1992-93,95-96 | 11(3) | 470 | ഓഡിറ്റ് റിക്കവറി രജിസ്റ്റർ ഇല്ല. പേരു വിവരം ലഭ്യമല്ല. | 117070101249/ 19-06-17 |
| 2016-17 | 3-15 | 1000 | ശ്രീ.എം.രമേഷ്, അസിസ്റ്റന്റ് എഞ്ചിനീയർ | 117070103740/ 13.11.17 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ ഒന്നും തീർപ്പാക്കാനവശേഷിക്കുന്നില്ല.

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ്ജ് സർചാർജ്ജ് നടപടികളിലൂടെ തുകയൊന്നും ഈടാക്കിയിട്ടില്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 98145792 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 90827752 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 105154 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4800661 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 47193 | ശ്രീമതി.ഷബീന.ഐ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 1906 (പിഴ) | ശ്രീമതി.ഷബീന.ഐ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-10 | | 55404 | ശ്രീ. സിനീഷ്, കൃഷി ഓഫീസർ |
| 3-14 | | 450 | ജയലക്ഷ്മി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-10 | 1384596 | ശ്രീ. സിനീഷ് കൃഷി ഓഫീസർ |
| 3-11 | 3416065 | ശ്രീ. സിനീഷ് കൃഷി ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|

| | |
|---|---|
| 2-6 | 1800 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ | ഖണ്ഡിക |
|---|---|
| 3-10 | ഒരേ ഗുണഭോക്താക്കൾക്ക് രണ്ടു തവണ തുക നൽകി - 55404 രൂപ നിരാകരിക്കുന്നു |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ഷബീന.ഐ, അസിസ്റ്റന്റ് എഞ്ചിനീയർ | പഠനാവശ്യത്തിനായി ലീവ് തുടരുന്നു. | അലീഫ് (വീട്), വടക്കേ നട, കാവശ്ശേരി പാലക്കാട് |
| ശ്രീ. സിനീഷ്, കൃഷി ഓഫീസർ | കൃഷി ഓഫീസർ, എരിമയൂർ ഗ്രാമപഞ്ചായത്ത് | മഠത്തിപ്പറമ്പിൽ വീട് , വെള്ളാനിക്കര, തൃശ്ശൂർ. |
| ജയലക്ഷ്മി, ഐ.സി.ഡി.എസ്. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, | പുത്തൻ വീട്, കണിമംഗലം, |

| | | |
|---|---|---|
| സൂപ്പർവൈസർ | തുടരുന്നു. | നെന്മാറ<br>പാലക്കാട് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി9-935/97 /28-12-2007 | 8 |
| 1997-98 | എൽ.എഫ്.പി10-92/2005 /3-4-2007 | 7 |
| 1998-99 | എൽ.എഫ്.പി10-204/2003 /16-10-2003 | 9 |
| 1999-2000 | എൽ.എഫ്.പി10-92/2005 /25-4-2006 | 20 |
| 2000-2001 | എൽ.എഫ്.പി10-1173/2006 /1-1-2008 | 18 |
| 2001-02 | എൽ.എഫ്.പി10-503/2008 /7-10-2010 | 10 |
| 2002-03 | എൽ.എഫ്.പി10-504/2008 /20-4-2011 | 8 |
| 2003-04 | എൽ.എഫ്.പി10-1055/2010 /7-6-2011 | 6 |
| 2004-05 | എൽ.എഫ്.പി10-1055/2010 /16-8-2011 | 12 |
| 2005-06 | എൽ.എഫ്.പി18-988(1)/2013 /12-11-2014 | 6 |
| 2006-07 | കെ.എസ്.എ-പികെഡി-18-257/2015/ 12-10-2015 | 3 |
| 2007-08 | കെ.എസ്.എ-പികെഡി-18-982/2012/2012/ 12-11-2014 | 2 |
| 2008-09 | കെ.എസ്.എ-പികെഡി-18-982/266/2015/ 12-10-2015 | 2 |
| 2009-10 & 2010-11 | കെ.എസ്.എ-പികെഡി-18-982/1735/2014/ 18-10-2016 | 11 |
| 2011-12 | കെ.എസ്.എ-പികെഡി-18-1970/ 2014/ 21-5-2016 | 12 |

| | | |
|---|---|---|
| 2012-13, 2013-14 & 2014-15 | കെ.എസ്.എ-പികെഡി-18-1807/ 2015/ 20-5-2017 | 19 |
| 2015-16 | കെ.എസ്.എ-പികെഡി-18-2292/ 2016/ 28-12-2016 | 7 |
| 2016-17 | കെ.എസ്.എ-പികെഡി-പി18-1459/2017 /22.08.2017 | 24 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം -1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64, എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

1. വസ്തുനികുതി - സഞ്ചയയിലെ ഡിമാന്റ് തുകയും വാർഷിക കണക്കിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
2. മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.
3. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ കാലികമായി എഴുതി സൂക്ഷിച്ചിട്ടില്ല.
4. തൻവർഷ കുടിശ്ശിക തുകകൾക്ക് Income And Expenditure Account ൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
5. ആസ്തികൾക്ക് Income And Expenditure Account ൽ ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം - 2

## പത്രികകൾ

| BALANCE SHEET<br>For the period from 01-April-2017 to 31-March-2018 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 30655421.15 |
| 312000000 | Reserves | B-3 | 76061325.00 |
| | Total Reserve & Surplus | | 106716746.15 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 4284708.00 |
| | Total Grants, Contributions for Specific Purposes | | 4284708.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 355341.00 |
| 350000000 | Other Liabilities | B-9 | 848788.75 |
| | Total Current Liabilities and Provisions | | 1204129.75 |
| | TOTAL LIABILITIES | | 112205583.90 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 93006972.00 |
| 411000000 | Accumulated Depreciation | B-11 | -606353.00 |

| | | | |
|---|---|---|---|
| 412000000 | Capital Work in Progress | B-11(a) | 1637830.00 |
| | Total Fixed Assets | | 94038449.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 301000.00 |
| | Total Investments | | 301000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 462105.00 |
| 431000000 | Sundry Debtors (Receivables) | B-15 | 9694327.90 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 7318040.00 |
| 460000000 | Loand, Advances and Deposits | B-18 | 391662.00 |
| | Total Current Assets, Loans and Advances | | 17866134.90 |
| Other Assets | | | |
| Miscellaneous Expenditure (To the Extent not written off) | | | |
| TOTAL ASSETS | 112205583.90 | | |

INCOME & EXPENDITURE STATEMENT
For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 3817089.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1049506.00 |
| 140000000 | Fee & User Charges | I-4(b) | 1484595.00 |
| 150000000 | Sale & Hire Charges | I-5(b) | 277907.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / | I-6 | 136145287.00 |
| | Subsidies | | |

| | | | |
|---|---|---|---|
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 349102.00 |
| 180000000 | Other Income | I-9 | 162313.00 |
| | Total Income | | 143285799.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10781917.00 |
| 220000000 | Administrative Expenses | I-11(b) | 1514274.00 |
| 230000000 | Operations & Maintenance | I-12(b) | 1408655.00 |
| 240000000 | Interest & Finance Charges | I-13 | 1182.00 |
| 250000000 | Decentralised Plan Programme-Productive Sector / | I-14 | 15345498.00 |
| | Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 24237826.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1433813.00 |
| 253000000 | Decentralised Plan Programme-Projects not included in | I-14(c) | 965682.00 |
| | Sector Division | | |
| 254000000 | Expenditures of Transfered Institutions and State Sponsored | I-14(d) | 58503180.00 |
| | Schemes (not included under Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 14028438.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 0.0 |
| 272000000 | Depreciation | I-17(a) | 606353.00 |
| | Total Expenditure | | 128826818.00 |
| | Gross Surplus/ Deficit of income over Expenditure | | 14458981.00 |
| 280000000 | Prior Period Item | I-18 | 342641.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 14116340.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

RECEIPT & PAYMENT STATEMENT For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 19565470.00 |
| Cash | Cash | RP-40(a) | 58182.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1217670.00 |
| 130000000 | Rental income from Panchayat Properties | RP-3 | 947500.00 |
| 140000000 | Fees & User Charges | RP-4 | 449925.00 |
| 150000000 | Sale & Hire Charges | RP-5 | 277907.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 62787142.00 |
| 171000000 | Interest Earned | RP-9 | 349102.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 7540106.00 |
| 350000000 | Other Liabilities | RP-36 | 158890.00 |
| | Non Operating | | |
| 170000000 | Income from Investments | RP-8 | 0.0 |
| 180000000 | Other Income | RP-10 | 162313.00 |
| 340000000 | Deposits Received | RP-34 | 109837.00 |
| 350000000 | Other Liabilities | RP-36 | 148083.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3902665.00 |
| 460000000 | Loans, Advances and Deposits | RP-47 | 471000.00 |
| | Grand total | | 98145792.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3798100.00 |
| 220000000 | Administrative Expenses | RP-12 | 1514274.00 |
| 230000000 | Operations & Maintenance | RP-13 | 1182130.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 11747250.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 13265245.00 |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 1433813.00 |
| 253000000 | Decentralised Plan Programme-Projects not included in | RP-18 | 965682.00 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 1155280.00 |
| Schemes | | | |
| 255000000 | Maintenance Projects | RP-20 | 14028438.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 0.0 |
| 280000000 | Prior Period item | RP-26 | -3500.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1115000.00 |
| 350000000 | Other Liabilities | RP-36 | 5987715.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1182.00 |
| 340000000 | Deposits Received | RP-34 | 185338.00 |
| 350000000 | Other Liabilities | RP-36 | 2111866.00 |
| 410000000 | Fixed Assets | RP-38 | 10014997.00 |
| 412000000 | Capital work in Progress | RP-40 | 13393903.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 8064416.00 |
| 460000000 | Loans, Advances and Deposits | RP-47 | 866623.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 7276273.00 |
| Cash | Cash | RP-40(b) | 41767.00 |
| | Grand Total | | 98145792.00 |